മൗലിക സത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 12 | സെപ്റ്റംബർ 2014 | ലക്കം 9



## സ്നേഹത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു

സാക് പുന്നൻ

## ബൈബിളിലൂടെ... 2 കൊരിന്ത്യർ ആരംഭിക്കുന്നു

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ
നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 12 സെപ്റ്റംബർ 2014 ലക്കം 9

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

ജീവമൊഴികൾ
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

മാസിക സംബന്ധിച്ചും
കൂടിവരവുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| നെല്ലിപ്പൊയ്യിൽ (കോഴിക്കോട്) | 9495575692 |
| വയനാട് | 9656128665 |


*മൊഴിമുത്തുകൾ*

# സ്വയത്തിന്റെ ഭാരം



ജീവിതത്തിൽ ഒരുവൻ പേറുന്ന ഏറ്റവും വലിയ ഭാരം സ്വയത്തിന്റെ ഭാരമാണ്. നമുക്ക് കൈകാര്യം ചെയ്യേണ്ടി വരുന്ന ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യവും സ്വയം തന്നെയാണ്. നമ്മുടെ പ്രതിദിന ജീവിതം, നമ്മുടെ മാനസികാവസ്ഥകളും തോന്നലുകളും, നമ്മുടെ പ്രത്യേകമായ ബലഹീനതകളും പരീക്ഷകളും... ഇവയൊക്കെയാണ് മറ്റെന്തിനേക്കാളും അധികമായി നമ്മെ ചിന്താക്കുഴപ്പത്തിലാക്കുന്ന സ്വയത്തിന്റേതായ അവസ്ഥകൾ. അതുകൊണ്ട് ഭാരം ഇറക്കി വെയ്ക്കുന്ന വിഷയത്തിൽ ഒന്നാമതായി സ്വാതന്ത്ര്യം പ്രാപിക്കേണ്ടത് സ്വയത്തിന്റെ ഭാരത്തിൽ നിന്നു തന്നെയാണ്.

*ഹന്നാ വിറ്റാൾ സ്മിത്ത്*

## ദൂതന്മാരുടെ കാവൽ




നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ചു തന്റെ ദൂതന്മാരോടു കല്പിക്കും. സങ്കീ. 91:11

## എഡിറ്റോറിയൽ



# 'സ്നേഹത്തോടെ' കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു

"വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം എന്നു കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടത്" (പ്രവൃത്തി 20:35).

ഈ ആശയം വരുന്ന വചനങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും (ഉദാഹരണം ലൂക്കോസ് 6:38) 'വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു ഭാഗ്യം' എന്നു കൃത്യമായി യേശു പറഞ്ഞതായി സുവിശേഷങ്ങളിൽ ഒരിടത്തുപോലും രേഖപ്പെടുത്തിയിട്ടില്ല. പിന്നെ പൗലൊസിന് ഈ വചനം എവിടെനിന്നു കിട്ടി? യേശുവിന്റെ വചനങ്ങൾ വാമൊഴിയായി ശിഷ്യരിലൂടെ പകർന്നു കിട്ടിയതിൽ നിന്നാകാം പൗലൊസിന് ഇതു ലഭിച്ചത്.

യേശുവിന്റെ ഈ നിർദ്ദേശം ആദാമ്യ സന്തതികളുടെ സ്വാഭാവിക പ്രകൃതത്തോടു യോജിച്ചു പോകുന്ന ഒന്നല്ല. കിട്ടുന്നതാണ് അവർക്കു താത്പര്യം; പക്ഷേ, കൊടുക്കുവാൻ യേശു പറഞ്ഞു. ഇതിൽ നിന്ന് ഒരു പടികൂടെ കടന്ന് കൊടുക്കുന്നതു സന്തോഷത്തോടെ വേണമെന്നും തുടർന്നു ദൈവവചനം ആവശ്യപ്പെടുന്നു - 'സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു' (2 കൊരി. 9:7). പണം മാത്രമല്ല, നമ്മുടെ കഴിവുകൾ, സമയം, ജീവിതം - എന്തും ദൈവത്തിനു കൊടുക്കുന്നതു സന്തോഷത്തോടെയായിരിക്കണം.

എങ്ങനെയാണു നമുക്കിന്നു സന്തോഷത്തോടെ കൊടുക്കുവാൻ കഴിയുന്നത്? അതിന് ഒരു വഴിയേ ഉള്ളു. ആർക്കു കൊടുക്കുന്നുവോ, ആ ആളിനോടു നമുക്കു സ്നേഹമുണ്ടായിരിക്കണം. നമുക്കു സ്നേഹമുള്ള ആളിനു സന്തോഷത്തോടെ കൊടുക്കുവാൻ നമുക്കു പ്രയാസമുണ്ടാവുകയില്ല. ഉദാഹരണത്തിന് ഭർത്താവു പറഞ്ഞതനുസരിച്ച് ഒരു സ്ത്രീ അപരിചിതനു ഭക്ഷണം കൊടുക്കുന്നതും സ്കൂളു വിട്ടുവരുന്ന തന്റെ മകനു ഭക്ഷണം കൊടുക്കുന്നതും ശ്രദ്ധിക്കുക. ആദ്യത്തേത് അവളെ സംബന്ധിച്ചിടത്തോളം ഒരു കടമ നിർവഹിക്കൽ മാത്രമാണ്. രണ്ടാമത്തേതാകട്ടെ അങ്ങേയറ്റം സന്തോഷകരവും. കാരണം, മകനോട് അമ്മയ്ക്കു സ്നേഹമുണ്ട്. സ്നേഹമുള്ളതുകൊണ്ടു മകനുവേണ്ടി എത്ര കഷ്ടപ്പെടാനും മടിയില്ല. കഷ്ടപ്പെടുന്നതിൽ പരാതിയുമില്ല.

പരാതികൾ, പിറുപിറുപ്പുകൾ - കാലപ്പഴക്കംകൊണ്ടു തുരുമ്പിച്ചുപോയ ചില ഇരുമ്പു ഗേറ്റുകൾ ബലമായി തുറക്കുമ്പോൾ ഉയരുന്ന 'കിരുകിരാ' ശബ്ദം പോലെയാണവ. എന്നാൽ ആവശ്യത്തിന് എണ്ണയിട്ടാൽ പിന്നെ തുറക്കുമ്പോൾ അവ ശബ്ദിക്കുകയില്ല. മലയാളത്തിൽ 'സ്നേഹ'ത്തിന് എണ്ണയെന്നും അർത്ഥമുണ്ട്. വ്യക്തിബന്ധങ്ങൾക്കിടയിലും സ്നേഹത്തിന്റെ എണ്ണ ആവശ്യത്തിനുണ്ടെങ്കിൽ പരാതിയും പിറുപിറുപ്പും കൂടാതെ സന്തോഷത്തോടെ കൊടുക്കുവാൻ കഴിയും. ▶

'സന്തോഷത്തോടെ ദൈവത്തിനു കൊടുക്കുന്നവനെയാണു ദൈവം സ്നേഹിക്കുന്നതെ'ന്ന പുതിയ ഉടമ്പടിയുടെ പ്രമാണത്തെക്കുറിച്ചു ചിന്തിച്ചു നാം എത്തിച്ചേർന്നത്, കൊടുക്കുമ്പോൾ പരാതിയില്ലാതെ സന്തോഷം വേണമെങ്കിൽ അവിടെ സ്നേഹം ഉണ്ടായിരിക്കണം എന്ന സത്യത്തിലേക്കാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 2 കൊരിന്ത്യർ 9:7 വാക്യത്തെ നമുക്ക് ഇങ്ങനെ പരാവർത്തനം ചെയ്യാം. –'സ്നേഹത്തോടെ ദൈവത്തിനു കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.' നോക്കുക: നമുക്കു ദൈവത്തോടുള്ള സ്നേഹവും ദൈവത്തിനു നമ്മോടുള്ള സ്നേഹവും പരസ്പര പൂരകമാണ്. രണ്ടു സ്നേഹങ്ങളും സന്ധിച്ചപ്പോൾ ഇരട്ടി സ്നേഹമായി.

സ്നേഹം – അതാണ് കാര്യങ്ങളെ വ്യത്യസ്തമാക്കുന്നത്. ദൈവത്തോടുള്ള സ്നേഹത്തിന്റെ കുറവ് നമ്മെ പരീശന്മാരാക്കും. പരീശൻ സ്നേഹം കൂടാതെ എല്ലാം ഒരു ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യുന്നവനായതുകൊണ്ട് ദൈവത്തിന്റെ സ്നേഹത്തിൽ അവൻ പൂർണ്ണ സ്വസ്ഥത കണ്ടെത്തിയിട്ടില്ല. അവന് ഒരു സുരക്ഷിതത്വബോധമില്ല.

ദൈവത്തിലുള്ള സുരക്ഷിതത്വബോധവും പൂർണസ്വസ്ഥതയും ഒരുവനെ ദൈവത്തിന്റെ മുൻപിൽ മാത്രമുള്ള ഒരു ജീവിതത്തിലേക്കു നയിക്കും. മനുഷ്യരുടെ മുൻപാകെയുള്ള ഒരു ജീവിതത്തിൽ നിന്ന് അവൻ വിരമിക്കും. 'എന്റെ ദൈവത്തിന് എന്നെ അറിയാം, അവിടുന്ന് എന്നിൽ സംപ്രീതനാണ്, ഞാൻ ദൈവത്തെ സ്നേഹിച്ചു ചെയ്യുന്ന കാര്യങ്ങൾ അവിടുന്ന് അറിയുന്നു, അവിടുന്നു പ്രതിഫലം എനിക്കു തന്നുകൊള്ളും'– ഇതാണു ദൈവത്തിൽ പൂർണ്ണസ്വസ്ഥതയും സുരക്ഷിതത്വബോധവും ഉള്ള ഒരുവന്റെ നിലപാട്. ആളുകളുടെ അംഗീകാരമോ അഭിനന്ദനമോ അവനു പ്രശ്നമല്ല. ഒരു മനുഷ്യന്റെയും സാക്ഷ്യം ആവശ്യമില്ലെ'ന്ന തന്റെ ഗുരുവിന്റെ നിലപാടിനോടു ചേർന്നു നില്ക്കുന്ന അവൻ മനുഷ്യരുടെ മുൻപാകെയുള്ള ഒരു ജീവിതത്തിൽ നിന്ന് വിരമിച്ചിരിക്കുന്നു. ദൈവ മുൻപാകെ മാത്രമുള്ള ഒരു ജീവിതം (മനുഷ്യരുടെ അംഗീകാരമോ അഭിനന്ദനമോ വേണ്ടെന്നു വയ്ക്കുന്ന ഒരു ജീവിതം), ലോകത്തിന്റെ മുൻപാകെ ഒന്നും അവശേഷിപ്പിക്കാത്ത ഒരു ബലിയർപ്പണംപോലെയാണ്. ഒരു യാഗത്തിൽ യാഗവസ്തു ഖണ്ഡം ഖണ്ഡമായി മുറിക്കുന്നു. തുടർന്ന് അതിനെ പൂർണമായി ദഹിപ്പിക്കുന്നു. ഒടുവിൽ മനുഷ്യരുടെ മുൻപാകെ ഒന്നും അവശേഷിക്കുന്നില്ല. ചെലവിടുകയും സ്വയം ചെലവായിപ്പോകുകയും ചെയ്യുന്ന, ബലിയർപ്പണം പൊലെയുള്ള ഒരു ജീവിതം. അത്തരം ഒരു ജീവിതം, 'സ്നേഹം മരണംപോലെ ബലം ഉള്ളതാകയാൽ' (ഉത്തമഗീതം 8:6) ആർക്കുവേണ്ടി ബലിയാകുന്നുവോ ആ ആളിനോടുള്ള വലിയ സ്നേഹത്തിലോ, ആ സ്നേഹത്തിലുള്ള പൂർണ്ണ സ്വസ്ഥയിലോ മാത്രമേ സാധ്യമാകുകയുള്ളു.

എഫെസ്യർ 5:2 കാണുക: 'ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കു വേണ്ടി തന്നെത്താൻ ദൈവത്തിനു സൗരഭ്യവാസനയായ വഴിപാടും യാഗവുമായി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ.' ഇവിടെ ആദ്യം ക്രിസ്തു നമുക്കുവേണ്ടി സൗരഭ്യവാസനായാഗമായതിനെക്കുറിച്ചാണ് പറയുന്നത്. മനുഷ്യരുടെ മുൻപാകെ, ഈ ലോകത്തിന്റെ മുൻപാകെയുള്ള ഒരു ജീവിതമായിരുന്നില്ല യേശുവിന്റേത്. യേശുവിന്റെ ജീവിതം ലോകത്തിന്റെ മുൻപാകെ ഒരു പരാജയമായിരുന്നു. നിന്ദ്യമായ ഒരു മരണത്തോടെ അത് അവസാനിച്ചു. ഒന്നും അവശേഷിപ്പിച്ചില്ല. പക്ഷേ, ദൈവത്തിന്റെ മുൻപാകെ അത് ഒരു സൗരഭ്യവാസനായാഗമായിരുന്നു. ഇങ്ങനെ

▶ ശേഷം പേജ് 42

സന്ദേശം

# സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു

സാക് പുന്നൻ

**പഴയനിയമത്തിൽ** അത്യധികം ദൈവഭയമുള്ള ഒരു ജീവിതം നയിച്ചിരുന്നവരെ നമുക്കു കാണാൻ കഴിയും. ഏലിയാവ് സ്ത്രീകളോട് മാന്യത ഇല്ലാതെ പെരുമാറുന്നതായോ, സ്നാപകയോഹന്നാൻ പണത്തിന്റെ പുറകെ പരക്കം പായുന്നതായോ, മോശ ലോകത്തിന്റെ മാനം അന്വേഷിക്കുന്നതായോ ഭാവനയിൽ കാണാൻപോലും പ്രയാസമാണ്. അതിനാൽ മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നു സ്വതന്ത്രരായി എന്ന കാരണത്താൽ നാം പുതിയനിയമത്തിലേക്ക് പ്രവേശിച്ചു എന്ന് അർത്ഥമാക്കുന്നില്ല.

പഴയനിയമകാലത്ത് തിരുവചന സംബന്ധമായ ഒരു പ്രസിദ്ധീകരണം ഉണ്ടായിരുന്നെങ്കിൽ അതിൽ പല നല്ല കാര്യങ്ങളും വായിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ആ നല്ല കാര്യങ്ങളുടെയെല്ലാം പ്രേരകശക്തി "നീ ചെയ്യരുത്... " "നിനക്കു ചെയ്യാം" എന്നുള്ള പ്രമാണം ആയിരുന്നേനേ. എന്നാൽ പുതിയ ഉടമ്പടിയിൽ



*ഗത്യന്തരമില്ലാതെ കല്പന അനുസരിക്കുന്ന അടിമയുടെ അനുസരണവും, സ്നേഹംമൂലം ഉത്സാഹത്തോടെ പിതാവിനെ അനുസരിക്കുന്ന പ്രായപൂർത്തിയായ മകന്റെ അനുസരണവും തമ്മിൽ വളരെ വ്യത്യാസമുണ്ട്.*

> ആത്മാവും മണവാട്ടിയും
> 'പോക' എന്നല്ല
> 'വരിക' എന്നാണു പറയുന്നത്.
> 'പോക' എന്നതു നിർബ്ബന്ധത്തിന്റെ
> ഭാഷയാണെങ്കിൽ
> 'വരിക' എന്നത് സ്നേഹപൂർണ്ണ
> മായ ക്ഷണമാണ്.
> യേശു സമൃദ്ധമായ ജീവനിലേക്ക്
> നമ്മെ ക്ഷണിക്കുന്നു.
> പക്ഷേ ഒരിക്കലും
> നിർബ്ബന്ധിക്കുന്നില്ല.

കാര്യങ്ങൾ തികച്ചും വിഭിന്നമാണ്. ഉന്നതമായ ഒരു നിലവാരം ഉണ്ടെന്നു മാത്രമല്ല പുതിയനിയമത്തിന്റെ ആത്മാവുതന്നെ വ്യത്യസ്തമാണ്. മത്തായി സുവിശേഷം 5,6,7 അദ്ധ്യായങ്ങളിലെ യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കുക. പഴയനിയമത്തിൽ 'കുല ചെയ്യരുത്' 'വ്യഭിചാരം ചെയ്യരുത്' തുടങ്ങിയ കല്പനകളായിരുന്നു നൽകപ്പെട്ടിരുന്നത്. ഈ കല്പനകളുടെ പിന്നിലെ ആത്മാവിനെക്കുറിച്ച് യേശു സംസാരിക്കുമ്പോൾ 'ചെയ്യരുത്' എന്നുള്ള വാക്കുകൾ അല്ല കർത്താവ് ഉപയോഗിച്ചത്. മറിച്ച് ദൈവരാജ്യത്തിൽ കോപം കുലപാതകത്തിനു തുല്യമാണെന്നും ലൈംഗികമായ മ്ലേച്ഛചിന്തകൾ വ്യഭിചാരത്തിനു തുല്യമാണെന്നും വിശദീകരിക്ക മാത്രമാണ് ചെയ്തത്. ഈ വ്യത്യാസം ശ്രദ്ധേയമാണ്.

പഴയനിയമത്തിൽ ഒരുവന്റെ വരുമാനത്തിൽ പത്തു ശതമാനം നിർബ്ബന്ധമായും ദൈവത്തിനു കൊടുക്കേണ്ടിയിരുന്നു. എന്നാൽ പുതിയനിയമത്തിൽ എത്ര ശതമാനം കൊടുക്കണം എന്നു വ്യക്തമാക്കിയിട്ടില്ല. 2 കൊരി. 9:7-ൽ നാം കാണുന്നത് "അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്; നിർബ്ബന്ധത്താലും അരുത്; സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു." ദൈവത്തിന്റെ എല്ലാ കല്പനകളും പുതിയനിയമത്തിൽ അനുസരിക്കേണ്ടതും ഈ ആത്മാവിൽ ആയിരിക്കണം: 'നിർബ്ബന്ധത്താലല്ല, സന്തോഷത്തോടെ."

പുതിയനിയമത്തിൽ അനുസരണത്തെക്കാൾ, ഏത് ആത്മാവിൽ അനുസരിച്ചു എന്നതാണു ദൈവം വിലമതിക്കുന്നത്. ഗത്യന്തരമില്ലാതെ കല്പന അനുസരിക്കുന്ന ഒരു അടിമയുടെ അനുസരണവും, സ്നേഹം മൂലം ഉത്സാഹത്തോടെ സ്വന്തം പിതാവിനെ അനുസരിക്കുന്ന ഒരു പ്രായപൂർത്തിയായ മകന്റെ അനുസരണവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഗലാത്യർ 4:7 പഴയനിയമവും പുതിയനിയമവും തമ്മിൽ ഉള്ള വ്യത്യാസം വ്യക്തമാകുന്നു. ജോലിക്കാർ ദിവസേന 8 മണിക്കൂർ ശമ്പളത്തിനായി ജോലി ചെയ്യുമ്പോൾ ഒരു മകൻ ആവശ്യമെങ്കിൽ ശമ്പളം പോലും കൂടാതെ ദിവസേന 16 മണിക്കൂർ ജോലി ചെയ്യും. ദൈവം പുത്രന്മാരെയാണ്, ശമ്പളക്കാരായ ദാസന്മാരെയല്ല അന്വേഷിക്കുന്നത്.

സഭയിൽപോലും പുതിയനിയമ കല്പനകൾ പഴയനിയമ ആത്മാവിൽ അനുസരിക്കാൻ സാദ്ധ്യമാണ്. അങ്ങനെ ചെയ്യുന്നവർ പുതിയനിയമ പരീശരായിത്തീരാനാണ് സാദ്ധ്യത. അവർ സഭയുടെ പണിക്കു തടസ്സമായിത്തീരാൻ സാദ്ധ്യതയുണ്ട്. ബാഹ്യമായ പുറംചട്ടയ്ക്ക് ഒത്തവണ്ണം അനുരൂപരാക്കി മറ്റുള്ളവരെ തീർക്കാനായി അവർ എരിവോടെ പല കല്പനകളും കൊണ്ടുവരും. പെന്തെക്കോസ്തു സമൂഹങ്ങളിൽ കൈയടിക്കാനോ, ഹല്ലേലുയ്യാ പറഞ്ഞുകൊണ്ടിരിക്കാനോ മാനസികമായ സമ്മർദ്ദം ചെലുത്തുന്നതുപോലെ സഭയിൽ മറ്റെന്തെങ്കിലും ചെയ്യാനാവും ഇത്തരത്തിലുള്ള പരീശർ സമ്മർദ്ദം ചെലുത്തുന്നത്.

സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തിൽ പൂർണ്ണ സ്വസ്ഥത കണ്ടെത്തിയിട്ടില്ലാത്ത പല വിശ്വാസികൾക്കും മറ്റുള്ളവരാൽ അംഗീകരിക്കപ്പെടാനുള്ള വലിയ ആഗ്രഹമുണ്ട്. അങ്ങനെയെങ്കിൽ ശരിയായ ബോദ്ധ്യം ഇല്ലാതെ തന്നേ മറ്റുള്ളവരാൽ അംഗീകരിക്കപ്പെടാനുള്ള ശ്രമം അവർ നടത്തും. അങ്ങനെയുള്ളവർ ശരിയായ ബോദ്ധ്യം ഇല്ലാതെ തന്നേ മറ്റുള്ളവരാൽ അംഗീകരിക്കപ്പെടാനായി തങ്ങളും കൊടുക്കുവാൻ തയ്യാറാകും. ബാഹ്യമായി അവർക്കു യാതൊരു കുഴപ്പവും ഇല്ലെന്നു അപ്പോൾ തോന്നിയാലും ഉള്ളിൽ 'സന്തോഷത്തോടെ കൊടുക്കുന്ന' മനോഭാവം ഇല്ലാത്തവരായിരിക്കും. അവർ മനുഷ്യരുടെ മുമ്പാകെ ജീവിക്കുന്നതിനാൽ 'അദ്ധ്വാനിച്ച് ഭാരം ചുമക്കുന്ന' അവസ്ഥയിലായിരിക്കും.

ദൈവരാജ്യം വചനത്തിലല്ല ശക്തിയിലത്രേ. ബാഹ്യമായ മാതൃകയല്ല ആന്തരികമായ ജീവനാണ് പ്രാഥമികമായ കാര്യം. പക്വതയില്ലാത്ത ക്രിസ്ത്യാനികൾ ബാഹ്യമായ യോജിപ്പിനെ ഐക്യമായി ധരിക്കാറുണ്ട്. അപ്രസക്തമായ കാര്യങ്ങളിലുള്ള വലിയ വൈവിധ്യത്തിന്റെ നടുവിലുള്ള ഐക്യമാണ് ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യം എന്ന് അവർ ഗ്രഹിച്ചിട്ടില്ല. വെറും ബാഹ്യമായ ഒരു യോജിപ്പിനെക്കാൾ ആത്മാവിന്റെ ഐക്യം സൂക്ഷിപ്പാനാണു നാം ഉത്സാഹിക്കേണ്ടത്. നാം എല്ലാവരും അനുകരിക്കുന്ന ബാഹ്യമായ ഒരു മാതൃകകൊണ്ടല്ല സ്നേഹംകൊണ്ടാണ് നാം യേശുവിന്റെ ശിഷ്യരാണെന്നു ലോകം അറിയുന്നത്. പക്വതയില്ലാത്ത ക്രിസ്ത്യാനികൾ തങ്ങളോട് എല്ലാറ്റിലും യോജിക്കുന്നവരുമായി മാത്രം കൂട്ടായ്മ ആചരിക്കുമ്പോൾ, പക്വമതികളായ വിശുദ്ധന്മാർ സ്വയത്തിന് മരിച്ചവരായി വ്യത്യസ്തരായ മറ്റു ക്രിസ്ത്യാനികളോടും കൂട്ടായ്മ ആചരിക്കുന്നു.

ആത്മാവും മണവാട്ടിയും 'പോക' എന്നല്ല 'വരിക' എന്നാണു പറയുന്നത്. 'പോക' എന്നതു നിർബ്ബന്ധത്തിന്റെ ഭാഷയാണെങ്കിൽ 'വരിക' എന്നത് സ്നേഹപൂർണ്ണമായ ക്ഷണമാണ്. യേശു സമൃദ്ധമായ ജീവനിലേക്ക് നമ്മെ ക്ഷണിക്കുന്നു. പക്ഷേ ഒരിക്കലും നിർബ്ബന്ധിക്കുന്നില്ല. നമുക്ക് ഏറ്റവും നിർമ്മലമായ ഉപദേശം, സ്വായത്തമായിരിക്കെ തന്നേ നാം ആ ഉപദേശം മറ്റുള്ളവരോട് അറിയിക്കുന്നതിൽ തികച്ചും പരീശമനോഭാവം ഉള്ളവരാകാൻ കഴിയും. അതു നാം സൂക്ഷിക്കണം. പൂർണ്ണതയിലേക്കു നയിക്കുന്ന പ്രമാണം സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണമാണ് (യാക്കൊ. 1:25). ബാഹ്യമായ ഒരു സമ്മർദ്ദവും കൂടാതെ നമ്മുടെ ജീവിതത്തിൽ കേൾക്കയും കാണുകയും ചെയ്യുന്ന കാര്യങ്ങളിൽ ആകൃഷ്ടരായി മറ്റുള്ളവർ പൂർണ്ണതയുടെ ജീവിതത്തിലേക്ക് ആകേണ്ടതിനായി അവർക്ക് ആ സ്വാതന്ത്ര്യത്തിന്റെ പ്രമാണം നൽകുവാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ■

# പ്രായോഗിക ക്രിസ്തീയ ജീവിതം

ചാൾസ് ഫിന്നി

"**ആകയാൽ** നിങ്ങളുടെ സ്വർഗ്ഗീയ പിതാവു സൽഗുണപൂർണ്ണൻ ആയിരിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകുവിൻ (മത്താ. 5:48).

എന്തുകൊണ്ടു സഭ വിശുദ്ധീകരിക്കപ്പെട്ടിട്ടില്ല എന്നു നമ്മൾ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. അപാകത ദൈവത്തിന്റെ ഭാഗത്താണെങ്കിൽ അതും നാം അറിഞ്ഞിരിക്കണം. ദൈവം ആവശ്യമുള്ള വെളിപ്പാട് മനുഷ്യനു തന്നിട്ടില്ലെങ്കിലോ, ദൈവാത്മാവിന്റെ ശക്തി ആളുകളെ വിശുദ്ധീകരിക്കാൻ പര്യാപ്തമല്ലെങ്കിലോ ആതും നാം അറിയേണ്ടത് ആവശ്യമാണ്. അങ്ങനെയെങ്കിൽ വിശുദ്ധിക്കായി നാം വ്യർത്ഥപ്രയത്നം ചെയ്യേണ്ടതില്ലല്ലോ? എന്നാൽ കുഴപ്പം നമ്മുടെ ഭാഗത്താണെങ്കിൽ അതും നാം തീർച്ചയായും അറിഞ്ഞിരിക്കണം. നമുക്കു എത്തിപ്പിടിക്കാൻ പറ്റാത്ത ഒരു കാര്യം ദൈവം നമ്മോടു ആജ്ഞാപിക്കുന്നു എന്നു പറഞ്ഞ് ദൈവത്തെ എന്തിന് വെറുതെ പഴി ചാരുന്നു?

**പ്രവൃത്തിയുടെ മതം**

ഒന്നാമതായി വിശുദ്ധി വിശ്വാസത്താലല്ല പ്രവൃത്തികൊണ്ട് അന്വേഷിക്കുന്നതിനാലാണ് സഭ വിശുദ്ധീകരിക്കപ്പെടാത്തത്. പ്രവൃത്തികൊണ്ടുള്ള മതഭക്തി പല രീതികളിലാണു വെളിപ്പെട്ടുവരുന്നത്. പല രീതികളിൽ ഇതു വെളിപ്പെടുന്നതു നിരീക്ഷിക്കുക വളരെ പ്രയോജനപ്രദമാണ്.

ഒരു രീതിയിൽ ഈ വസ്തു വെളിപ്പെടുന്നത്, ഈ വിധമാണ്: മനുഷ്യർ തങ്ങൾ ശാപഗ്രസ്തരാണെന്നുള്ള വസ്തുത നീതിപൂർവകമല്ല എന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. തങ്ങൾ ക്രിസ്ത്യാനികളായാലും അല്ലെങ്കിലും തങ്ങളുടെ പ്രവൃത്തിമൂലം ദൈവം തങ്ങളെ നരകത്തിലേക്കയയ്ക്കുന്നത് അന്യായമെന്നു വരുത്തുവാൻ ശ്രമിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. ഇവരാണു പരീശന്മാർ. ഒട്ടുവളരെ വ്യക്തികളുടെയും മതം ഈ വിധമാണ്. തങ്ങൾ വീണ്ടുംജനിച്ചിട്ടില്ല എന്ന് അവർ പറഞ്ഞേക്കാം. എന്നാൽ തങ്ങളുടെ നല്ല പ്രവൃത്തികളെക്കുറിച്ചവർ പറയുന്നതു ശ്രദ്ധിച്ചാൽ ദൈവം അവരെ നരകത്തിലെറിയുക അന്യായമാണെന്ന വസ്തുതയാണ് അവർ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത്.

മറ്റു ധാരാളം വ്യക്തികൾ തങ്ങളുടെ നല്ല പ്രവൃത്തികളാൽ ദൈവത്തിന്റെ കരുണയ്ക്ക് അർഹരാകുവാൻ ശ്രമിക്കുന്നു. തങ്ങൾ ശാപഗ്ര





> മനുഷ്യർ തങ്ങൾ ശാപഗ്രസ്തരാണെന്നുള്ള വസ്തുത നീതിപൂർവകമല്ല എന്നു സ്ഥാപിക്കുവാൻ ശ്രമിക്കുന്നു. തങ്ങൾ ക്രിസ്ത്യാനികളായാലും അല്ലെങ്കിലും തങ്ങളുടെ പ്രവൃത്തിമൂലം ദൈവം തങ്ങളെ നരകത്തിലേക്കയയ്ക്കുന്നത് അന്യായമെന്നു വരുത്തുവാൻ ശ്രമിക്കുന്ന ധാരാളം ആളുകൾ ഉണ്ട്. ഇവരാണു പരീശന്മാർ. ഒട്ടുവളരെ വ്യക്തികളുടെയും മതം ഈ വിധമാണ്. തങ്ങൾ വീണ്ടുംജനിച്ചിട്ടില്ല എന്ന് അവർ പറഞ്ഞേക്കാം. എന്നാൽ തങ്ങളുടെ നല്ല പ്രവൃത്തികളെക്കുറിച്ചവർ പറയുന്നതു ശ്രദ്ധിച്ചാൽ ദൈവം അവരെ നരകത്തിലെറിയുക അന്യായമാണെന്ന വസ്തുതയാണ് അവർ സ്ഥാപിക്കുവാൻ ശ്രമിക്കുന്നത്.

സ്തരാണെന്നും ആ പദവി മാത്രമേ തങ്ങൾ അർഹിക്കുന്നുള്ളുവെന്നും ഇവർ അറിയുന്നു. എന്നാൽ ദൈവം കരുണാസമ്പന്നനാണെന്നും ഇവർ മനസ്സിലാക്കുന്നു. സത്യസന്ധമായി ജീവിച്ച് പാവപ്പെട്ടവരോടു കരുണ കാണിച്ചാൽ ദൈവം അവരുടെ പാപങ്ങൾ ക്ഷമിച്ച് അവരെ രക്ഷിക്കുമെന്ന് ഇവർ കരുതുന്നു.

ആധുനിക കാലത്തെ സന്മാർഗ്ഗികളുടെ മതഭക്തി മറ്റൊരു വിധമാണ്. സുവിശേഷത്തിനു കീഴിൽ തങ്ങളുടെ പ്രവൃത്തികളാൽ രക്ഷപ്പെടുവാൻ സാദ്ധ്യമല്ല എന്നിവർക്കറിയാം. അതുകൊണ്ട് ദൈവത്തിന്റെ കരുണ സമ്പാദിക്കുവാൻ വേണ്ടി ഇവർ സഭയിൽ പോകയും പാസ്റ്ററെ പിൻതാങ്ങുകയും ചെയ്യുന്നു. ക്രിസ്തു നമുക്കായി ചെയ്ത പ്രായശ്ചിത്തത്തെ മാറ്റി നിർത്തി ഇവർ തങ്ങളുടെ നീതിപ്രവൃത്തികളാൽ രക്ഷപ്പെടുവാൻ നോക്കുകയാണ്. വൈകാരിക തലത്തിലുള്ള ഒരു മതം ഇക്കൂട്ടർക്ക് ഉണ്ട്. തങ്ങളുടെ സാന്മാർഗികതയും ഔദാര്യവുംകൊണ്ട് ദൈവത്തിന്റെ കരുണ സമ്പാദിക്കുവാൻ ഇവർ ശ്രമിക്കുന്നു. ഈവിധം തങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെടും എന്ന് ഇവർ കരുതുന്നു.

പ്രവൃത്തികളാലുള്ള ദൈവഭക്തി മറ്റൊരുവിധം വെളിപ്പെടുന്നത് ചിലർ ക്രിസ്തുവിനെ കൈകൊള്ളുവാൻ ശ്രമിക്കുമ്പോളാണ്. ക്രിസ്തുവിനാൽ മാത്രമാണ് രക്ഷ എന്നു ചിലർ മനസ്സിലാക്കുന്നു. തങ്ങളുടെ പ്രവൃത്തികളാൽ രക്ഷപ്പെടുവാൻ അസാദ്ധ്യം എന്നും ഇവർക്കറിയാം. ക്രിസ്തുവിനായി സമർപ്പിച്ചു വിശ്വാസത്താലുള്ള സമാധാനം ലഭിക്കുവാൻ വേണ്ടി ചിലർ തീവ്രവേദനയിൽക്കൂടി കടന്നുപോയതായി ഇവർ മനസ്സിലാക്കുന്നു. അതുകൊണ്ടു ക്രിസ്തുവിനായി സമർപ്പിക്കപ്പെടുവാൻ ചില തയ്യാറെടുപ്പുകൾ തങ്ങൾക്കും ആവശ്യം എന്ന് ഇവർ കരുതുന്നു. മാത്രമല്ല അവിടെയും ഇവിടെയും പോയി ചില മീറ്റിംഗുകളിൽ പങ്കെടുക്കേണ്ടതാവശ്യം എന്നും ഇക്കൂട്ടർ കരുതുന്നു. ചില രാത്രികളിൽ ഉറക്കമിളച്ച് തീവ്രവേദനയിലും നൈരാശ്യത്തിലും ആണ്ടതിനുശേഷം ക്രിസ്തു

തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ ക്രിസ്തുവിന്റെ അടുക്കേലേക്കിവർ വരുന്നില്ല. ചില പ്രാർത്ഥനകൾ ഉച്ചരിച്ച് ചില മീറ്റിംഗുകളിൽ പങ്കെടുത്തു ചില വേദനകൾ അനുഭവിക്കുവാൻ ഇവർ ശ്രമിക്കുന്നു. ക്രിസ്തുവിന്റെ അടുക്കൽ പോയി തങ്ങളെത്തന്നെ അവനായി എറിഞ്ഞുകൊടുക്കുന്നതിനു പകരം ഇവർ തങ്ങളുടെ മനസ്സിനെ പാപബോധം കൊണ്ടും വേദനകളാലും പ്രഹരിച്ചു ക്രിസ്തുവിനെ കൈക്കൊള്ളുവാൻ വ്യർത്ഥശ്രമം നടത്തുന്നു.

വിനെ അംഗീകരിക്കുവാൻ തങ്ങൾ തയ്യാറായി എന്ന് ഇവർ കരുതുന്നു.

പാപബോധം വന്ന വേറെ പല പാപികളുടേയും ഗതി ഈ വിധമാണ്: തങ്ങൾ ഉണർത്തപ്പെട്ട് സ്വന്തം പ്രവൃത്തികളാൽ രക്ഷപ്പെടുവാൻ സാദ്ധ്യമല്ല എന്നു മനസ്സിലാക്കുമ്പോൾ ക്രിസ്തുവിനെ അംഗീകരിക്കുവാൻ ഇവർ തയ്യാറെടുക്കുന്നു. (നിങ്ങളിൽ ചിലർ ഈ വിധത്തിലുള്ളവരാകാം) തങ്ങൾ ആയിരിക്കുന്ന അവസ്ഥയിൽ ക്രിസ്തുവിന്റെ അടുക്കേലേക്കിവർ വരുന്നില്ല. ചില പ്രാർത്ഥനകൾ ഉച്ചരിച്ച് ചില മീറ്റിംഗുകളിൽ പങ്കെടുത്തു ചില വേദനകൾ അനുഭവിക്കുവാൻ ഇവർ ശ്രമിക്കുന്നു. ക്രിസ്തുവിന്റെ അടുക്കൽ പോയി തങ്ങളെത്തന്നെ അവനായി എറിഞ്ഞുകൊടുക്കുന്നതിനു പകരം ഇവർ തങ്ങളുടെ മനസ്സിനെ പാപബോധം കൊണ്ടും വേദനകളാലും പ്രഹരിച്ചു ക്രിസ്തുവിനെ കൈക്കൊള്ളുവാൻ വ്യർത്ഥശ്രമം നടത്തുന്നു.

വിശുദ്ധനാകാനുള്ള മാർഗ്ഗം ഇതാണ് എന്ന് ഒരു വ്യക്തി കരുതുന്നുവെന്ന് ചിന്തിക്കുക. ഇതു മടയത്തരം എന്ന് എല്ലാ യഥാർത്ഥ ക്രിസ്ത്യാനികളും മനസ്സിലാക്കും. ഇത്തരം പ്രവൃത്തികളെ ഈ വ്യക്തി കൂടുതൽ കൂടുതൽ ചെയ്യുന്നു. എന്നാൽ വിശുദ്ധിയുടെ അയൽപക്കത്തുപോലും ഇവർ എത്തുന്നില്ല. വിശുദ്ധിയുടെ ആദ്യപാഠം വിശ്വസിക്കുക എന്നതാണ്. അതായത് ക്രിസ്തുവിനെ, വിശ്വാസത്താൽ അംഗീകരിക്കുക. ഒരു ക്രിസത്യാനി വിശുദ്ധിയിലെത്തുവാൻ സ്വയപ്രയത്നങ്ങളായ തയ്യാറെടുപ്പുകളാൽ ശ്രമിക്കുന്നത് മുൻപേ പറഞ്ഞ പാപബോധം വന്നവന്റെ മൂഢപ്രവൃത്തികൾക്കു തുല്യമാണ്.

**വിശുദ്ധി സമ്പാദിക്കുവാനുള്ള ശ്രമങ്ങൾ**

വിശ്വാസവും സ്നേഹവും സ്വയം ഉണ്ടാക്കിയെടുക്കുവാൻ പല വ്യക്തികൾ പല പ്രവൃത്തികളിലേർപ്പെടുന്നു. പിന്മാറ്റത്തിലേക്കു പോയ വിശ്വാസികളാണിവർ എന്നു നാം കരുതുന്നു. വിശ്വാസവും സ്നേഹവും സ്വയം ഉണ്ടാക്കിയെടുക്കുവാൻ ഇവർ പ്രവൃത്തികളാൽ ശ്രമിക്കുന്നു. നല്ല വികാരങ്ങൾ ഉണ്ടാക്കിയെടുക്കുവാനും ഇവർ ശ്രമം ചെയ്യുന്നു. പ്രവൃത്തികളാലുള്ള മതഭക്തി വെളിപ്പെടുന്ന സർവ്വസാധാരണവും സൂക്ഷ്മവുമായ മാർഗ്ഗമാണിത്.

പാപത്തിലൂടെ വിശുദ്ധി സമ്പാദിക്കുവാൻ ശ്രമിക്കുന്ന പരിഹാസ്യമായ ഒരു മാർഗ്ഗമാണിത്. സ്വന്തം





പാപപ്രവൃത്തിയാൽ വിശുദ്ധി ഉളവാക്കാം എന്ന് ഇവർ ചിന്തിക്കുന്നു. സ്നേഹത്തിൽ നിന്ന് ഉളവാകാത്ത എല്ലാ പ്രവൃത്തിയും പാപകരമാണ്. ഒരു വ്യക്തി സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസത്താൽ (ഗലാ. 5:6) ഹൃദയത്തെ വിശുദ്ധീകരിക്കാതെ (അപ്പൊ. പ്രവ. 13:9) അഥവാ വിശ്വാസവും സ്നേഹവും കൂടാതെ ഈ വികാരങ്ങൾ ഉളവാക്കുവാൻ ശ്രമിക്കുന്നതു മടയത്തരമാണ്.

വിശ്വാസവും സ്നേഹവും എവിടെക്കാണുന്നുവോ, എവിടെ അവ നമ്മെ മുന്നോട്ടു നയിക്കുന്ന പ്രേരകശക്തികളാകുന്നുവോ, അവിടെ അവ കൂടുതൽ വർദ്ധമാനമാക്കുവാനുള്ള ഒരു പ്രേരണ നമ്മിൽ ഉളവാകുന്നു. എല്ലാ ശക്തികളും വാസനകളും വീണ്ടും ഉള്ള പ്രയോഗത്താൽ ശക്തിപ്പെടുന്നു എന്ന മാനസികനിയമം ഇവിടെ പാലിക്കപ്പെടുന്നു. മുൻപറഞ്ഞ വ്യക്തികൾ അവരുടെ ആദ്യസ്നേഹം വിട്ടുകളഞ്ഞു (വെളി. 2:4). അവർക്ക് ആദ്യസ്നേഹം ഉണ്ടായിരുന്നു എന്നു സങ്കല്പിക്കുക. അതു വിട്ടശേഷം വിശ്വാസവും സ്നേഹവും കൂടാതെ വിവിധ പ്രവർത്തനങ്ങളിൽ ആശ്രയിച്ചു മുന്നോട്ടു പോകുവാൻ ഇവർ ശ്രമിക്കുന്നു.

ഹൃദയത്തിൽ വിശ്വാസം ഇല്ലാത്തപ്പോൾ ചില പ്രേരണകളിൽ അധിഷ്ഠിതമായ ബാഹ്യപ്രവൃത്തികളാൽ അതിനെ ഉണർത്താൻ ശ്രമിക്കുന്നത് കേവലം ബുദ്ധിഹീനമാണ്. ഇതു ദൈവത്തെ പരിഹസിക്കുന്നതിനു തുല്യമാണ്. ദൈവത്തെ ഈ വിധത്തിൽ സേവിക്കുവാൻ ശ്രമിക്കുന്നത് ദൈവത്തെ പരിഹസിക്കുന്നതിനും തുല്യമത്രേ. ദൈവത്തെ ഈ വിധത്തിൽ സേവിക്കുവാൻ ശ്രമിക്കുന്നതു പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന

സുവിശേഷത്തിൽ കാണുന്ന പ്രകാരം ക്രിസ്തുവിനെ തങ്ങളുടെ സകല കാര്യങ്ങളിലും അംഗീകരിക്കുന്നില്ല എന്നതാണ് ഒട്ടധികം വ്യക്തികളും വിശുദ്ധരാകാത്തതിന്റെ മറ്റൊരു കാരണം. ഈ കാര്യത്തിൽ ധാരാളം വ്യക്തികൾ തെറ്റിപ്പോയിരിക്കുന്നു. തങ്ങൾ വിശുദ്ധരാകുവാൻ ശ്രമിക്കുന്ന രീതിയിൽ ഒരു അടിസ്ഥാന വീഴ്ചയുണ്ടെന്ന് അംഗീകരിച്ചാൽ മാത്രമേ അവർക്കു ആത്മീയജീവിതത്തിൽ മുൻപോട്ടു പോകുവാൻ സാധിക്കയുള്ളു.

തിനും ദൈവത്തെ അപമാനിക്കുന്നതിനും തുല്യമാണ്.

മുകളിൽ പ്രസ്താവിച്ച കാര്യം നേരത്തെ പറഞ്ഞ പാപബോധം വന്ന പാപിയുടെ ജീവിതസ്ഥിതിയോടു സദൃശമാണ്. എന്നാൽ ഇവിടെ ഒരു വ്യത്യാസമുണ്ട്. ഒരു പാപി തന്റെ എല്ലാ ദുഷ്ടതയും നിസ്സഹായാവസ്ഥയും മനസ്സിലാക്കി തന്റെ സകല പ്രവൃത്തിയും വിട്ടുകളഞ്ഞേക്കാം. ദൈവത്തിന്റെ അടുക്കലേക്കു വരുവാൻ വീണ്ടും വീണ്ടും മടിക്കുന്നതു തന്റെ പാപപ്രവൃത്തിയുടെ ആക്കം കൂട്ടുകയേ ഉള്ളു എന്ന് അവൻ മനസ്സിലാക്കുകയും ചെയ്യും. എന്നാൽ ക്രിസ്ത്യാനികൾ എന്നു കരുതുന്നവരുടെ ജീവിതത്തിൽ ഈ കാര്യം വ്യത്യസ്തമാണ്.

ക്രിസ്തീയ പ്രവർത്തനങ്ങളിൽ വർദ്ധിച്ചുവരുന്ന പലരും ആത്മീയ വികാരങ്ങളില്ലാത്തവരും കഠിനഹൃദയരും ആണ്. ക്രിസ്തീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതാണ് ശരിയായ ക്രിസ്തീയ വികാരങ്ങൾ ഉളവാക്കുന്നതെങ്കിൽ പല ശുശ്രൂഷകന്മാരും ക്രിസ്തീയ നേതാക്കന്മാരും ആയിരിക്കണം എറ്റവും വലിയ ആത്മീയർ. വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അഭ്യസനം ഇല്ലാത്തിടങ്ങളിൽ ആളുകൾ കഠിനഹൃദയരും തണുപ്പന്മാരും ബാഹ്യപ്രവർത്തനങ്ങളിൽ ദുഷ്ടത നിറഞ്ഞവരും ആയിരിക്കും. ആത്മീയജീവിതം ഇല്ലാതെ ഇവർ അധികം കഠിനഹൃദയരും ഭോഷരും ആയിത്തീരും. ഈ രീതിയിൽ ആധ്യാത്മികമായി ആവേശഭരിതരായാലും ഇവർ വിശുദ്ധി ഇല്ലാതെ ഉപരിപ്ലവമായ ഒരു മനസ്ഥിതി മാത്രം ഉള്ളവരായിത്തീരും.

സുവിശേഷത്തിൽ കാണുന്ന പ്രകാരം ക്രിസ്തുവിനെ തങ്ങളുടെ സകല കാര്യങ്ങളിലും അംഗീകരിക്കുന്നില്ല എന്നതാണ് ഒട്ടധികം വ്യക്തികളും വിശുദ്ധരാകാത്തതിന്റെ മറ്റൊരു കാരണം. ഈ കാര്യത്തിൽ ധാരാളം വ്യക്തികൾ തെറ്റിപ്പോയിരിക്കുന്നു. തങ്ങൾ വിശുദ്ധരാകുവാൻ ശ്രമിക്കുന്ന രീതിയിൽ ഒരു അടിസ്ഥാന വീഴ്ചയുണ്ടെന്ന് അംഗീകരിച്ചാൽ മാത്രമേ അവർക്കു ആത്മീയ ജീവിതത്തിൽ മുൻപോട്ടു പോകുവാൻ സാധിക്കയുള്ളു.

ഒരു വ്യക്തിക്കു പാപബോധം വന്നു എന്നിരിക്കട്ടെ: ദൈവം തന്നെ നരകത്തിലേക്ക് അയയ്ക്കുന്നതു നീതിയുക്തം എന്ന് അയാൾ മനസ്സിലാക്കുന്നു. ഇതിനുശേഷം ക്രിസ്തുവിങ്കലെ വീണ്ടെടുപ്പിനെക്കുറിച്ച് അയാളോടു പറയുക. ദൈവം നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആണെന്നുള്ള വസ്തുത ഇയാളെ കാണിക്കുക (റോമ. 3:26). തനിക്ക് അത്യാവശ്യമായ കാര്യം ഇതാണെന്നു കണ്ട് വിശ്വാസത്താൽ അവൻ തന്നെത്താൻ നീതികരണത്തിനായി യേശുവിങ്കലേക്കു എറിഞ്ഞുകൊടുക്കുന്നു. യേശുവിനെ തന്റെ നീതികരണമായി ഇയാൾ അംഗീകരിക്കുന്നു. താൻ വിശ്വസിച്ചു; നീതീകരിക്കപ്പെട്ടു. അങ്ങനെ പാപക്ഷമയുടെ അനുഭവത്തിൽ അയാൾ എത്തുന്നു. എങ്കിലും സുവിശേഷത്തെക്കുറിച്ച് ഇത്രമാത്രമേ അയാൾ മനസ്സിലാക്കുന്നുള്ളു.

പാപബോധം വന്ന ഭൂരിപക്ഷം ആളുകളും ഇവിടെ വച്ചു നിർത്തുന്നു. ക്രിസ്തുവിനെ തങ്ങളുടെ രക്ഷകനായും പാപപരിഹാരകനുമായി ഒരുവൻ വീക്ഷിക്കുന്നു. തന്റെ പാപങ്ങൾക്ക് ഉപശാന്തി ചെയ്തവനായി ക്രിസ്തുവിനെ മനസ്സിലാക്കി അയാൾ പാപക്ഷമ പ്രാപിക്കുന്നു. ഇതിനുശേഷം ആ വ്യക്തി ഈ ഘട്ടത്തിൽ കാര്യം അവസാനിപ്പിക്കുന്നു. പിന്നീട്, ക്രിസ്തു നമുക്കു വാഗ്ദാനം ചെയ്ത കാര്യങ്ങൾ എന്താണെന്ന് അയാളെ ഗ്രഹിപ്പിക്കുക വളരെ ബുദ്ധിമുട്ടാണ്. ക്രിസ്തു നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും, നീതിയും ശുദ്ധീകരണവും ആയിത്തീർന്നു എന്ന രീതിയിൽ ക്രിസ്തു നമ്മുടെ സമ്പൂർണ്ണ രക്ഷകനെന്ന് ഇയാളെ മനസ്സിലാക്കിക്കുക വളരെ ബുദ്ധിമുട്ടാണ്. ഈ രീതിയിൽ ക്രിസ്തുവിനെ ഇവർക്ക് ആവശ്യമില്ല.

*(തുടരും)*

(മൊഴിമാറ്റം: **സാം വർഗീസ്**)



**ദൈവം യോജിപ്പിച്ചത്**

## കാതറിനും വില്യം ബൂത്തും - 8

# മരണം വേർപിരിക്കുംവരെ...

**അജയ് ജോർജ്**

**1868ൽ** കാതറിൻ തന്റെ എട്ടാമത്തേയും ഒടുവിലത്തേയും കുഞ്ഞിന് ജന്മം നൽകി. മക്കൾ എല്ലാവരും കാലക്രമേണ വിശ്വാസം ഏറ്റുപറയുകയും സുവിശേഷ പ്രവർത്തനത്തിൽ സജീവമാകുകയും ചെയ്തു. 16 വയസ്സ് ആയപ്പോഴേ ബ്രാംവെലിനെ പാവങ്ങൾക്ക് ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങളുടെ ചുമതല ഏൽപിച്ചു. 20 വയസ്സായപ്പോൾ അപ്പന്റെ 'ചീഫ് ഓഫ് സ്റ്റാഫ്'യി. രണ്ടാമത്തെ മകൻ ബാലിംഗ്ടൺ പുരുഷന്മാർക്കുള്ള ട്രെയിനിംഗ് കോളജിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. അദ്ദേഹത്തിന് അപ്പോൾ വയസ്സ് ഇരുപത്. മൂത്ത മകൾ കേറ്റി പതിനാറു വയസ്സായപ്പോഴേ വഴിയോര മീറ്റിംഗുകളിൽ പ്രസംഗിച്ചു തുടങ്ങി. ഒരു യഥാർത്ഥ ക്രിസ്ത്യൻ ഭവനം കെട്ടിപ്പടുക്കുന്നതിന്റെ രഹസ്യം എന്താണെന്ന് ഒരിക്കൽ കാതറിനോട് ചോദിച്ചപ്പോൾ അവർ ഇങ്ങനെ പറഞ്ഞു: 'നമ്മുടെ കുഞ്ഞുങ്ങളുടെ മുഴുവൻ ഉടമസ്ഥതയും ദൈവത്തിനുള്ളതാണെന്ന് മനസ്സിലാക്കി പെരുമാറുന്നതാണ് അതിനു വേണ്ട ആദ്യത്തെ ചുവടുവയ്പ്.'

പ്രസ്ഥാനം വളർന്നെങ്കിലും ബൂത്ത് കുടുംബത്തിന്റെ പ്രാരാബ്ധങ്ങൾക്ക് ഒരു മാറ്റവുമുണ്ടായില്ല. 'സുവിശേഷം പ്രസംഗിച്ചതുകൊണ്ട് നിങ്ങൾ പണക്കാരായി എന്ന് ആരും നിങ്ങളെപ്പറ്റി പറയാനിടവരരുത്' എന്ന് തന്റെ അനുയായികളെ പഠിപ്പിച്ച ജോൺ വെസ്ലിയുടെ ആരാധകനായിരുന്നല്ലോ വില്യം ബൂത്തും. അതുകൊണ്ട് അങ്ങനെയെ പ്രതീക്ഷിക്കേണ്ടൂ. കാതറിനാകട്ടെ, ആരോഗ്യപ്രശ്നങ്ങൾക്കു നടുവിലും തന്റെ പ്രസംഗപരിപാടികളും ക്ലാസെടുക്കലിനുമൊപ്പം കുടുംബകാര്യങ്ങളും ഭംഗിയായി കൈകാര്യം ചെയ്തു പോന്നു. ഒരുത്തമ ക്രിസ്ത്യൻ കുടുംബിനി എന്ന ഖ്യാതി എത്രയോ മുന്നേ അവർക്കുണ്ടായിരുന്നു! വർഷങ്ങൾക്കുശേഷം മൂത്ത മകൻ ബ്രാംവെൽ അമ്മയെ അനുസ്മരിച്ച് ഇങ്ങനെ പറയുകയുണ്ടായി: "അമ്മ ഞങ്ങളുടെ കീറിയ ഉടുപ്പുകൾ തുന്നിത്തരുക മാത്രമല്ല ചെയ്തത്, ആ കീറലുകളിൽ അഭിമാനം കൊള്ളാനും ഞങ്ങളെ പഠിപ്പിച്ചു.'

തിയോഡർ കിച്ചിങ്ങ് എന്ന ഒരു മുൻ ക്വേക്കർക്ക് ഒരു ദിവസം കാതറിനോടൊപ്പം ചായകുടിക്കാനിടയായത് മറക്കാനാവാത്ത അനുഭവമായിരുന്നു. വൈകുന്നേരം അവരുടെ വീട്ടിൽ കയറിച്ചെന്നപ്പോൾ ഭർത്താ

> പ്രസ്ഥാനം വളർന്നെങ്കിലും ബൂത്ത് കുടുംബത്തിന്റെ പ്രാരാബ്ധങ്ങൾക്ക് ഒരു മാറ്റവുമുണ്ടായില്ല. 'സുവിശേഷം പ്രസംഗിച്ചതുകൊണ്ട് നിങ്ങൾ പണക്കാരായി എന്ന് ആരും നിങ്ങളെപ്പറ്റി പറയാനിടവരരുത്' എന്ന് തന്റെ അനുയായികളെ പഠിപ്പിച്ച ജോൺ വെസ്‌ലിയുടെ ആരാധകനായിരുന്നല്ലോ വില്യം ബൂത്തും. അതുകൊണ്ട് അങ്ങനെയെ പ്രതീക്ഷിക്കേണ്ടൂ.

വിന്റെ കീറിയ സോക്സ് തയിച്ചുകൊണ്ടിരുന്ന കാതറിനെക്കണ്ട് കിച്ചിംഗ് അത്ഭുതപ്പെട്ടുപോയി. സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പുറത്ത് റോഡിൽ ഒരു കുതിരവണ്ടി വന്നു നിൽക്കുന്ന ശബ്ദം കേട്ടു. അപ്പോഴുള്ള കാതറിന്റെ ഭാവവും ചലനങ്ങളും ഒരു നവവധുവിനെപ്പോലെയായിരുന്നുവെന്ന് കിച്ചിംഗ് ഓർക്കുന്നു. വർത്തമാനം നിർത്തി കാതറിൻ ചാടിയെഴുന്നേറ്റ് വാതിൽക്കലേയ്ക്ക് നീങ്ങി. 'ഓ വില്യം, താങ്കളെ കാണാനായതിൽ ഞാൻ എന്തുമാത്രം സന്തോഷിക്കുന്നു.' എന്ന ശബ്ദം പുറത്തുനിന്നും കേൾക്കാനായി. തുടർന്ന് അകത്തേക്ക് വന്ന വില്യമിന് താൻ തന്നെ തുന്നിയുണ്ടാക്കിയ കമ്പിളിച്ചെരിപ്പ് എടുത്തുകൊടുത്തു. കസേരയിൽ കാതറിന്റെ അടുത്തുതന്നെ ഇരുന്ന് വില്യം അതിഥിയോട് സംസാരിച്ചുതുടങ്ങി. ആ സമയം കാതറിൻ വലംകൈകൊണ്ട് ഇടയ്ക്ക് ഭർത്താവിന്റെ അലങ്കോലമായിക്കിടന്ന മുടി ഒതുക്കി വയ്ക്കും. അവരുടെ സ്നേഹം കണ്ട് അധികം സംസാരത്തിനു മുതിരാതെ കിച്ചിംഗ് സാവകാശം മുറിവിട്ട് ഇറങ്ങി. ഇത്രയും സ്നേഹം പ്രകടിപ്പിച്ച ഇവർ ഈയിടെ വിവാഹിതരായവരോ ചെറുപ്പക്കാരോ ആയിരുന്നില്ല എന്നോർക്കണം. അമ്പത്തഞ്ചുവയസ്സെങ്കിലുമുണ്ടായിരുന്നു അവർക്കന്ന്. വിവാഹം കഴിഞ്ഞിട്ട് മുപ്പത് വർഷവും. തങ്ങളെ യോജിപ്പിച്ച ദൈവത്തെ ജീവിതംകൊണ്ട് മഹത്വപ്പെടുത്തിയ യഥാർത്ഥ ക്രിസ്ത്യൻ ദമ്പതിമാരായിരുന്നു അവർ എന്നതിന് ഒരു സംശയവും വേണ്ട.

കാലം ചെല്ലുംതോറും കാതറിൻ എന്നത്തേയുംപോലെ ഉറച്ച മനസ്സോടെ തന്നെയിരുന്നു. മിക്കവാറും രാത്രികളിൽ ഏതെങ്കിലും ഒരു പക്ഷം പിടിച്ച് അവർ വാദപ്രതിവാദം നടത്തും. പിറ്റേന്ന് ഓരോരുത്തരും മറുപക്ഷത്തുനിന്ന് ഈ വിഷയം തന്നെ എടുത്തു തർക്കിക്കും. ഉണർവ് യോഗങ്ങളിൽ വൈകാരിക പ്രകടനങ്ങൾ ഒഴിവാക്കണമെന്ന് ആദ്യകാലങ്ങളിൽ കാതറിൻ ഭർത്താവിനെ ഓർമ്മപ്പെടുത്തുമായിരുന്നല്ലോ. പിന്നീട് ഭാര്യയും ഭർത്താവും തങ്ങളുടെ അഭിപ്രായങ്ങൾ അന്യോന്യം വച്ച് മാറിയോ എന്നു സംശയം. എന്നിരുന്നാലും വിശുദ്ധിയെപ്പറ്റിയുള്ള കാതറിന്റെ നിലപാട് എന്നും ഭർത്താവിനേക്കാൾ ശക്തമായിരുന്നു. തുടക്കം മുതൽ തിരുവത്താഴ ശുശ്രൂഷയിൽ വീഞ്ഞ് ഉപയോഗിക്കുന്നത് കാതറിൻ എതിർത്തിരുന്നു. പണ്ട് മദ്യപരായിരുന്നവർ, അല്പമായിട്ടാണെങ്കിലും വീഞ്ഞ് രുചിച്ചാൽ പഴയ രീതികളിലേക്ക് മടങ്ങാൻ പ്രേരണയാ





കുമെന്നായിരുന്നു അവരുടെ പേടി. എന്നിട്ടും ഈ വിഷയത്തിൽ ഉറച്ച ഒരു തീരുമാനമെടുക്കാൻ ഭർത്താവിനു പിന്നേയും സമയം വേണ്ടിവന്നു.

ഏതാണ്ടിതേ മട്ടിൽ അവർക്കിടയിൽ മറ്റൊരു അഭിപ്രായവ്യത്യാസമുണ്ടായി. ലണ്ടനിലുള്ള മദ്യവ്യവസായികൾ രക്ഷാസൈന്യത്തിന് കുറേ പണം സംഭാവന ചെയ്തു. അത് സ്വീകരിക്കാൻ പാടില്ലെന്നും ഉടനെ മടക്കിക്കൊടുക്കണമെന്നും കാതറിൻ പറഞ്ഞുനോക്കിയെങ്കിലും വില്യം അത് ചെവിക്കൊണ്ടില്ല. 'അവർ സമൂഹത്തോട് ചെയ്യുന്ന ദ്രോഹങ്ങൾക്ക് ഇങ്ങനെയെങ്കിലും അല്പം പ്രായശ്ചിത്തം ചെയ്യുന്നതല്ലേ നല്ലത്?' എന്നായിരുന്നു വില്യം അഭിപ്രായപ്പെട്ടത്.

സാമ്പത്തിക ബാദ്ധ്യതകൾ ഏറിവന്നുകൊണ്ടിരുന്നു. തുടക്കത്തിൽ കാതറിൻ ശുഭാപ്തി വിശ്വാസക്കാരിയായിരുന്നല്ലോ. വില്യം മറിച്ചും. എന്നാൽ ഇന്നതു തിരിച്ചായോ എന്നു സംശയം. തുടർച്ചയായുള്ള ബുദ്ധിമുട്ടുകൾ കാതറിനേയും ബാധിച്ചുതുടങ്ങി. ഒരിക്കൽ അവർ ഇങ്ങനെയെഴുതി: 'എന്റെ പ്രിയ ഭർത്താവിന്റെ ശരീരവും മനസ്സും തളർന്നിരിക്കുന്നു. പണമുണ്ടാക്കേണ്ടി വരുക എന്നത് ഒരു ചീത്ത ക്കാര്യമാണ്. സ്വയത്തിലാശ്രയിക്കുക എന്നത് അതിനേക്കാൾ വലിയ പാപമാണ്. നിന്റെ വിശ്വാസം എവിടെ എന്ന് ചോദിച്ചേക്കാം. അത് വളരെ താഴ്ന്ന നിലവാരത്തിലാണെന്നാണ് എനിക്കിപ്പോൾ തോന്നുന്നത്. എന്നിരുന്നാലും ഞാൻ ദൈവ വാഗ്ദാനങ്ങളിൽ മുറുകെപ്പിടിക്കുന്നു. കർത്താവ് തന്റേതായ രീതിയിൽ ഈ പ്രശ്നങ്ങളിൽനിന്നും കരകയറ്റുമെന്ന് വിശ്വസി

> ലണ്ടനിലുള്ള മദ്യവ്യവസായികൾ രക്ഷാസൈന്യത്തിന് കുറേ പണം സംഭാവന ചെയ്തു. അത് സ്വീകരിക്കാൻ പാടില്ലെന്നും ഉടനെ മടക്കിക്കൊടുക്കണമെന്നും കാതറിൻ പറഞ്ഞുനോക്കിയെങ്കിലും വില്യം അത് ചെവിക്കൊണ്ടില്ല. 'അവർ സമൂഹത്തോട് ചെയ്യുന്ന ദ്രോഹങ്ങൾക്ക് ഇങ്ങനെയെങ്കിലും അല്പം പ്രായശ്ചിത്തം ചെയ്യുന്നതല്ലേ നല്ലത്?' എന്നായിരുന്നു വില്യം അഭിപ്രായപ്പെട്ടത്.

ക്കുന്നു... എങ്ങനെ ഉപയോഗിക്കണമെന്നു അറിയാത്തവരുടെ കൈകളിലേക്കാണ് ഏറ്റവും വലിയ സമൃദ്ധി പൊയ്ക്കൊണ്ടിരിക്കുന്നതെന്നത് അത്ഭുതമായിരിക്കുന്നു.'

ആയിടയ്ക്കാണ് വില്യമിന്റെ വയറുവേദനയും അധികരിച്ചത്. കൂടാതെ, ഒരു മകൾക്കു മസൂരി രോഗമുണ്ടായി. പഴയ അസുഖങ്ങളിൽ പലതും തിരിച്ചു വന്നതിനാൽ കാതറിനും വിഷമിച്ചു. 'എന്റെ ആത്മാവ് കർത്താവിനു മുമ്പിൽ നിശ്ശബ്ദമായിരിക്കുന്നു. അന്ധതമസ്സിന്റെ ഭീതി ഇടയ്ക്കിടയ്ക്ക് എന്നെ ബാധിക്കുന്നു. എന്നാലും ഇതിന്റെയൊക്കെ നടുവിൽ എന്റെ കർത്താവ് കാര്യങ്ങളെല്ലാം ശരിയായി ചെയ്തു തരുമെന്ന് വിശ്വസിക്കുന്നു' എന്നു കുറിക്കാൻ കാതറിന് അപ്പോഴും സാധിച്ചു. തങ്ങൾക്കുവേണ്ടി മാത്രമായി കർത്താവ് തയ്യാറാക്കിയ കുരിശ് പിറുപിറുപ്പുകൂടാതെ വഹിച്ചേ മതി

> മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ കണ്ടാൽ വിഷമിച്ചു പോകുകയും അതു പരിഹരിക്കാൻ തന്നാലാവുന്നതെല്ലാം പ്രവർത്തിക്കുകയും ചെയ്യുന്ന പ്രകൃതക്കാരനായ വില്യം ഭാര്യയുടെ രോഗവിവരമറിഞ്ഞു തളർന്നുപോയി. തന്റെ ഡയറിയിൽ അദ്ദേഹം ഇങ്ങനെ എഴുതി: 'എനിക്കറുപതു വയസ്സായി. എന്റെ ഓർമ്മയിൽ ഇക്കാലമത്രയും അവിടത്തെ ചുമലിൽ ഇടാൻ സാധിക്കാത്ത ഒരു ഭാരവും എന്റെ കർത്താവ് എനിക്ക് തന്നിട്ടില്ല.'

യാവൂ എന്നവർക്കറിയാമായിരുന്നു.

രക്ഷാസൈന്യം അന്തർദ്ദേശീയമാവുകയും, സ്വന്തം മക്കൾതന്നെ വിവിധ രാജ്യങ്ങളിലെ പ്രവർത്തനങ്ങളിൽ നേരിട്ടിടപെടുകയും, ബൂത്ത് ദമ്പതികൾക്ക് ഏതാണ്ട് അറുപതു വയസ്സാകുകയും ചെയ്ത സമയത്താണ് കാതറിന് 'ബ്രെസ്റ്റ് കാൻസർ' ഉണ്ടെന്നു കണ്ടുപിടിച്ചത്. ഇനിയൊരു പതിനെട്ടുമാസമുണ്ടാവും ആയുസ്സ് എന്ന് ഡോക്ടറന്മാർ വിധിയെഴുതി. രോഗവിവരം അറിഞ്ഞയുടൻ കാതറിൻ ഭർത്താവിനോട് പറഞ്ഞതിങ്ങനെ: 'എന്റെ മനസ്സിൽ ആദ്യമുണ്ടായ ചിന്ത എന്താണെന്നറിയാമോ? താങ്കളുടെ അവസാനസമയങ്ങളിൽ ശുശ്രൂഷിക്കാൻ ഞാനുണ്ടാവുകയില്ലല്ലോ എന്നാണ് പെട്ടെന്ന് ഞാനോർത്തു പോയത്.' തനിക്കുണ്ടായ മാരകമായ അസുഖമോർത്തു തളർന്നു പോകാവുന്ന അവസരത്തിൽ അതല്ല, ഭർത്താവിനെ അവസാനംവരെ ശുശ്രൂഷിക്കാൻ തനിക്കാവില്ലല്ലോ എന്ന് ചിന്തിക്കണമെങ്കിൽ അവർ തമ്മിലുണ്ടായിരുന്ന സ്നേഹത്തിന്റെ ആഴം നമുക്കൽപ്പം മനസ്സിലാക്കാനാവും. മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ കണ്ടാൽ വിഷമിച്ചു പോകുകയും അതു പരിഹരിക്കാൻ തന്നാലാവുന്നതെല്ലാം പ്രവർത്തിക്കുകയും ചെയ്യുന്ന പ്രകൃതക്കാരനായ വില്യം ഭാര്യയുടെ രോഗവിവരമറിഞ്ഞു തളർന്നുപോയി. തന്റെ ഡയറിയിൽ അദ്ദേഹം ഇങ്ങനെ എഴുതി: 'എനിക്കറുപതു വയസ്സായി. എന്റെ ഓർമ്മയിൽ ഇക്കാലമത്രയും അവിടത്തെ ചുമലിൽ ഇടാൻ സാധിക്കാത്ത ഒരു ഭാരവും എന്റെ കർത്താവ് എനിക്ക് തന്നിട്ടില്ല.'

ഒരു ദിവസം രാത്രിയിലെ അനുഭവം അദ്ദേഹം വിവരിച്ചതിങ്ങനെയാണ്: 'രാത്രിയുടെ ഭൂരിഭാഗം സമയവും ശത്രുവുമായി വലിയൊരു യുദ്ധംതന്നെ നടത്തേണ്ടിവന്നു. ഘോരതമസ്സും കഠിനഭാരവും ഹൃദയത്തിൽ, ജീവിതം വലിയൊരു ഭാരമായിരിക്കുന്നു. ചുമക്കാൻ കഴിയുന്നതിനും അപ്പുറം.' പിന്നീടൊരിക്കൽ ഇങ്ങനെയും എഴുതി: 'നമ്മൾ അതിയായി സ്നേഹിക്കുന്ന ആരുടേയെങ്കിലും അടുത്തുനിന്നുകൊണ്ട് അവരുടെ ജീവിതത്തിന്റെ വേലിയിറക്കം ശ്രദ്ധിക്കുന്ന നിമിഷം, അതിനെ തടയാനോ സാവധാനമാക്കാനോ കഴിയാതെ നിസ്സഹായനായി നോക്കിനിൽക്കേണ്ടിവരുമ്പോൾ, അവൻ ഭീരുവാകട്ടെ ധീരനാവട്ടെ അവന്റെ ആത്മാവിൽനിന്നും നിലവിളികൾ ഉയരും. ആ വേദനയുടെ തീവ്രത





വാക്കുകളിൽ പ്രകാശിപ്പിക്കാനാവുമെന്ന് തോന്നുന്നില്ല.'

എന്നിരുന്നാലും തന്റെ സ്വന്തം ദുഃഖം മറ്റുള്ളവരുടെ പ്രശ്നപരിഹാരത്തിന് തടസ്സമാകാൻ അദ്ദേഹം അനുവദിച്ചില്ല. സുവിശേഷ പ്രവർത്തനങ്ങൾക്ക് ഒരു കുറവുമുണ്ടായില്ല. കൂടാതെ, ചേരികളിൽ സംഭവിക്കുന്നതെന്തെന്ന് ഇംഗ്ലണ്ടിലെ മുഴുവനാളുകളും അറിയണമെന്ന വിചാരത്താൽ അതേപ്പറ്റി ഒരു പ്രബന്ധരചനയും ഇക്കാലത്ത് അദ്ദേഹം നടത്തി. ഈ വിഷയത്തിൽ താൻ തന്നെ നേരത്തെ തയ്യാറാക്കിയിരുന്ന കുറിപ്പുകളും തന്റെ ഉദ്യോഗസ്ഥന്മാരുടെ അനുഭവങ്ങളും റിപ്പോർട്ടുകളും ഗ്രന്ഥരചനയ്ക്കു സഹായമായി. പിന്നീട് പുസ്തകരൂപത്തിൽ പുറത്തുവന്ന ഈ പഠനം അക്ഷരാർത്ഥത്തിൽ നാടിനെ പിടിച്ചുകുലുക്കി.

അസുഖം കടുത്തുവന്ന നാളുകളിലൊരിക്കൽ കാതറിൻ: "ഞാൻ ഒരു റയിൽവേ സ്റ്റേഷനിൽക്കിടന്നു മരിക്കുകയാണെന്ന് തോന്നുന്നു" എന്ന് പറഞ്ഞുപോയി. അതിന് കാരണവുമുണ്ട്. ഇവരുടെ വീടാണല്ലോ 'സൈന്യ'ത്തിന്റെ ഓഫീസും. ലോകത്തിന്റെ നാനാഭാഗത്തുനിന്നും കമ്പിസന്ദേശങ്ങൾ രാത്രിയെന്നോ പകലെന്നോ ഭേദമെന്യേ അവിടേക്കെത്തിയിരുന്നു. ജനറലിനെ അല്ലെങ്കിൽ ബ്രാംവെലിനെ കാണാനോ മറ്റോ ലഫ്റ്റനന്റുമാർ സദാ വീട്ടിൽ കയറിയിറങ്ങി. സൈന്യ കാര്യങ്ങൾക്കായി ഭർത്താവും മക്കളും പോവുകയും വരുകയും ചെയ്തു. ഇതിന്റെയൊക്കെ ബഹളത്തിൽ താനൊരു റയിവേ പ്ലാറ്റ്ഫോമിലാണ് കിടക്കുന്നതെന്ന് പാവം കാതറിന് തോന്നിപ്പോയതിൽ അത്ഭുതപ്പെടാനുണ്ടോ? എങ്കിലും കാതറിന്റെ കിടപ്പുമുറി

> 'നമ്മൾ അതിയായി സ്നേഹിക്കുന്ന ആരുടെയെങ്കിലും അടുത്തുനിന്നുകൊണ്ട് അവരുടെ ജീവിതത്തിന്റെ വേലിയിറക്കം ശ്രദ്ധിക്കുന്ന നിമിഷം, അതിനെ തടയാനോ സാവധാനമാക്കാനോ കഴിയാതെ നിസ്സഹായനായി നോക്കി നിൽക്കേണ്ടിവരുമ്പോൾ, അവൻ ഭീരുവാകട്ടെ ധീരനാവട്ടെ അവന്റെ ആത്മാവിൽനിന്നും നിലവിളികൾ ഉയരും. ആ വേദനയുടെ തീവ്രത വാക്കുകളിൽ പ്രകാശിപ്പിക്കാനാവുമെന്ന് തോന്നുന്നില്ല.'

തന്നെയായിരുന്നു സൈന്യത്തിന്റെ മീറ്റിംഗ് സ്ഥലവും. ആ രോഗശയ്യയ്ക്ക് ചുറ്റുമിരുന്നാണ് അതിവേഗം മുന്നേറിക്കൊണ്ടിരുന്ന സൈന്യത്തിനു വേണ്ട തീരുമാനങ്ങൾ എടുത്തിരുന്നത്. രോഗിണിയായപ്പോഴും ആരോഗ്യത്തിലെന്നപോലെ കാതറിൻ സൈന്യത്തിന്റെ 'അമ്മ'യായിരുന്നു.

തിരക്കുണ്ടായിരുന്നെങ്കിലും മാസങ്ങൾ കഴിഞ്ഞുപോകവേ, വില്യം കഴിവതും വീടിനോടടുത്തു തന്നെ ഉണ്ടാകാൻ ശ്രമിച്ചു. പലപ്പോഴും കാതറിന്റെ മുറിയിൽനിന്നും പുറത്തു വരുമ്പോൾ അദ്ദേഹം കരഞ്ഞു പോകും. പ്രിയ പത്നിയുടെ വേദനയിൽ മനംനൊന്താകാം, 'എന്തുകൊണ്ട് ഇങ്ങനെയായി, കർത്താവേ, എന്തുകൊണ്ട്' എന്ന് ഒരിക്കൽ പറ

ഞ്ഞുപോയി. എങ്കിലും ജോലിക്ക് ഒരു വിഘ്നവുമുണ്ടായില്ല. തടസ്സം വരുന്നത് ഇങ്ങനെ പ്രാർത്ഥിക്കാൻ വേണ്ടി മാത്രമായിരുന്നു: “ദൈവമേ, ഇപ്പോൾ സഹായിക്കേണമേ, എന്റെ പ്രിയതമയെ സഹായിക്കേണമേ.”

ആയിടെ കാതറിനെ ചികിത്സിച്ചിരുന്നത് ഇംഗ്ലണ്ടിലെ ഏറ്റവും പ്രഗത്ഭനായ സർ. ജയിംസ് പേജറ്റ് എന്ന സർജനായിരുന്നു. ഒരു ഓപ്പറേഷൻ ചെയ്ത് മാറത്തെ മുഴ നീക്കം ചെയ്യാമെന്ന് അദ്ദേഹം നിർദ്ദേശിച്ചെങ്കിലും പലർക്കും അതു സ്വീകാര്യമായില്ല. അവസാനം കാതറിൻ തന്നെ അതിന് സമ്മതിച്ചപ്പോൾ സമയം അതിക്രമിച്ചിരുന്നു. ഓപ്പറേഷൻ ചെയ്തു നീക്കാൻ സാധിക്കുന്നതിനുമപ്പുറത്തേക്ക് രോഗം വ്യാപിച്ചിരുന്നു. ക്യാൻസർ ആ കൊച്ചുശരീരത്തെ മുഴുവനായി കീഴ്പ്പെടുത്താൻ രണ്ടു വർഷമെടുത്തു. എന്നാൽ കാതറിന്റെ വിശ്വാസത്തിന് ഒരു മാറ്റവുമുണ്ടായില്ല. ആസന്നമായ മരണത്തെ ഓർത്ത് വ്യാകുലപ്പെട്ടതുമില്ല. ‘മരണത്തെ ഓർത്ത് നിങ്ങളാരും പ്രയാസപ്പെടേണ്ടതില്ല എന്നാണെന്റെ പക്ഷം,’ സ്നേഹിതകൾക്കെഴുതിയ കത്തിൽ ഇങ്ങനെയെഴുതി: ‘നന്നായി ജീവിക്കാൻ ശ്രമിക്കുക. അങ്ങനെയെങ്കിൽ മരണവും നന്നായിതന്നെയായിരിക്കും.’

1890 ഒക്ടോബർ 2ന് രോഗം മൂർച്ഛിച്ചു. കാതറിന്റെ കൈകൾ കയ്യിലെടുത്ത് വില്യം കട്ടിലിനരികെ തന്നെ ഇരുന്നു. പെട്ടെന്ന് ആ വിരലുകളിൽ ഒരനക്കം. വില്യം ശ്രദ്ധിച്ചപ്പോൾ, കാതറിൻ തന്റെ വിവാഹമോതിരം ശോഷിച്ച ആ വിരലിൽനിന്നും ഊരുകയാണ്. വില്യം ഇടുവിച്ചതിൽപ്പിന്നെ ഇന്നുവരെ അത് വിരലിൽനിന്നും എടുക്കേണ്ടിവന്നിട്ടില്ല. ഊരിയ മോതിരം കാതറിൻ സാവകാശം വില്യമിന്റെ വിരലിൽ ഇട്ടുകൊടുത്തു. ‘ഈ അടയാളത്താൽ നാം ഇതുവരെ ഒന്നായിരുന്നു. ഇതിനാൽതന്നെ നിത്യതയിലും നമ്മൾ ഒന്നായിരിക്കും.’ കാതറിന്റെ ആ വാക്കുകളും പ്രവൃത്തിയും മൗനമായി വില്യം സ്വീകരിച്ചു. അത് അംഗീകരിക്കാൻ അദ്ദേഹത്തിന് ഒരു പ്രയാസവും തോന്നിയില്ല. പറുദീസയുടെ ഇങ്ങേവശത്ത് കാതറിന് പകരമായി തനിക്ക് വേറൊരു സ്ത്രീ ഉണ്ടാവുകയില്ല. സംസാരിക്കാൻ തീരെ വയ്യാതായപ്പോൾ, ഒരു സമയം കാതറിൻ എതിർവശത്തെ ഭിത്തിയിൽ ‘എന്റെ കൃപ നിനക്കു മതി’ എന്ന് മാർബിളിൽ കൊത്തിവച്ചിരുന്നിടത്തേക്ക് വിരൽചൂണ്ടി. വില്യമിന്റെ കൈകളിൽത്തന്നെ കിടന്നാണ് കാതറിൻ അന്ത്യശ്വാസം വലിച്ചത്. ഭർത്താവിന്റെ പേരാണ് അവസാനമായി ആ ചുണ്ടുകൾ ഉരുവിട്ടത്.

സംസ്കാരശുശ്രൂഷയിൽ എല്ലാം വെളുപ്പുനിറമായിരുന്നു. കറുപ്പിനുപകരം സേനാംഗങ്ങൾ കൈകളിൽ വെളുത്ത ബാഡ്ജ് ധരിച്ചിരുന്നു. അങ്ങനെ മറ്റുകാര്യങ്ങളിലെന്നപോലെ ഇതിലും സൈന്യം വ്യത്യസ്തത നിലനിർത്തി. അവരുടെ രീതി അതായിരുന്നു. മരണത്തിൽ എല്ലാവരും കറുപ്പണിഞ്ഞ് വിലപിക്കുമ്പോൾ ഇവിടെയെല്ലാം ശുഭ്രവസ്ത്രങ്ങൾ മാത്രം. വിലാപവുമുണ്ടായിരുന്നില്ല. കാതറിൻ ഇപ്പോൾ സ്വർഗ്ഗത്തിൽ കർത്തൃസന്നിധിയിലാണല്ലോ. വെളുപ്പ് സന്തോഷത്തിന്റെ ചിഹ്നമാണ്. കാതറിന് മഹത്വത്തിലേക്ക് പ്രമോഷൻ കിട്ടിയതിന്റെ സന്തോഷം!

*(തുടരും)*



**നേതൃത്വത്തിലുള്ളവരോട്...**

### ആത്മാവിന്റെ ഐക്യത, വിശ്വാസത്തിന്റെ ഐക്യത -IV

# ശരീരത്തിന്റെ ശുശ്രൂഷ

**യേശു** ആയിരുന്ന പൂർണ്ണ സന്തുലിതാവസ്ഥയിൽ ആയിരിക്കാൻ നമുക്കു സാദ്ധ്യമല്ല. അതുകൊണ്ടുതന്നെയാണ് ഒരു ശരീരത്തിന്റെ ശുശ്രൂഷ നമുക്ക് ആവശ്യമായി വരുന്നത്. നാം അസന്തുലിതരായിരിക്കുന്ന മേഖലകളിൽ മറ്റ് അവയവങ്ങൾ തുലനാവസ്ഥ കൊണ്ടുവരും. അതാണ് 1കൊരി. 12 ന്റെ പാഠം. കണ്ണിനു കാതുകളെയും കാതുകൾക്കു കണ്ണുകളെയും ആവശ്യമുണ്ട്. നിറയെ കണ്ണുകൾ മാത്രമുള്ള ഒരു ശരീരം എങ്ങനെ ശരീരമാകുമെന്നു പൗലോസ് ചോദിക്കുന്നു.

എന്നാൽ ഇന്ന് അധികം സഭകളുടെയും അവസ്ഥ ഇതു തന്നെയാണെന്നു നാം കണ്ടെത്തുന്നു. അതൊരു ഒറ്റയാൾ ശുശ്രൂഷയാണ്. ഞാൻ! വലിയ ഒരു ഞാൻ. മറ്റു ശുശ്രൂഷകൾക്കും നാം ഇടം കൊടുക്കണമെന്നതാണ് ശരീരത്തിലെ ദൈവേഷ്ടം. നാം നമ്മെത്തന്നെ താഴ്ത്തുകയും നമ്മുടെ അസന്തുലിതാവസ്ഥയെ തിരിച്ചറിയുകയും വേണം. ഈ ഭൂമിയിൽ സന്തുലിതമായി ജീവിച്ചിരുന്ന ഒരേ ഒരു വ്യക്തി യേശുക്രിസ്തു മാത്രമാണ്. അവിടുന്ന് ക്രിസ്തു ശരീരം തന്നെയായിരുന്നു. നമ്മിൽ ഏറ്റവും മെച്ചപ്പെട്ട വ്യക്തിപോലും ഒരു ശരീരം മാത്രമാണ്. നിങ്ങളുടെ സഭയിൽ ഉള്ള എല്ലാവരേക്കാളും മെച്ചപ്പെട്ട വരം നിങ്ങൾക്കുണ്ടായിരിക്കാം. പക്ഷേ എല്ലാ കാര്യങ്ങളും നിങ്ങൾ സ്വയം ചെയ്യുവാൻ ശ്രമിച്ചാൽ നിങ്ങൾ സഭയെ നശിപ്പിക്കുകയായിരിക്കും. കാരണം ഒരു ശരീരമെന്ന നിലയിൽ അതിനു പ്രവർത്തിക്കാൻ കഴിയുന്നില്ല.

**സ്വന്തം പേരിനേക്കാൾ (ശുശ്രൂഷയെക്കാൾ) സഭ പ്രധാനം**

എനിക്കു 35 വയസ്സായിരുന്നപ്പോൾ ആഴമേറിയ ജീവനെ സംബന്ധിച്ച സമ്മേളനങ്ങളിൽ പ്രസംഗിക്കുവാനായി ധാരാളം യാത്രകൾ ചെയ്യുമായിരുന്നു. ഞാൻ ധാരാളം പുസ്തകങ്ങൾ എഴുതുകയും ആഴ്ചതോറും തെക്കുകിഴക്കൻ ഏഷ്യയിൽ മുഴുവൻ പ്രക്ഷേപണം ചെയ്യുന്ന റേഡിയോ സന്ദേശങ്ങൾ നൽകുകയും ചെയ്യുമായിരുന്നു. ആഴ്ചതോറും വർദ്ധിച്ചുവരുന്ന വിശ്വാസികളുള്ള ഒരു സഭയിൽ എല്ലാ ആഴ്ചയിലും പ്രസംഗിക്കുകയും ചെയ്യുമായിരുന്നു. എന്റെ ശുശ്രൂഷ എണ്ണത്തിലും വിസ്തൃതിയിലും വളർന്നുവന്നു. ആ സമയത്ത് ദൈവം എന്നോട് എന്റെ ഒറ്റയാൾ ശുശ്രൂഷ നിർത്തിവയ്ക്കുവാനും തന്റെ ശരീരത്തിന്റെ പണി ആരംഭി

ഞാൻ തിരിഞ്ഞുനോക്കുമ്പോൾ ഇന്ത്യയിലും വിദേശത്തുമായി കർത്താവിന്റെ ശരീരത്തിന്റെ ആവിഷ്ക്കാരമായിരിക്കുന്ന എത്രയോ പ്രാദേശിക സഭകൾ! എന്റെ ഹൃദയം നിറഞ്ഞു തുളുമ്പുന്നു. കോടിക്കണക്കിനു രൂപകൾക്കോ വലിയ പ്രസംഗകനെന്ന ഖ്യാതിക്കോ വേണ്ടി ഞാൻ ഒരിക്കലുമതു വച്ചുമാറുകയില്ല. ആളുകളെ ക്രിസ്തു ശിഷ്യരാക്കുക എന്നതാണ് ഏറ്റവും മനോഹരമായ പ്രവൃത്തി.

ക്കുവാനും പറഞ്ഞു. ഞാൻ ദൈവത്തെ അനുസരിക്കയും എന്റെ യാത്രകൾ അവസാനിപ്പിക്കുകയും ചെയ്തു. അതിനുപകരം എന്റെ വീട്ടിൽ കുറച്ച് വ്യക്തികളെകൂട്ടിവരുത്തി കർത്താവിന്റെ ശരീരമായ പ്രാദേശിക സഭയുടെ തുടക്കം കുറിക്കുകയും ചെയ്തു.

ഇത്ര ബൃഹത്തായ ഒരു ശുശ്രൂഷ ഞാൻ നിർത്തിവച്ചതിന്റെ യുക്തി അധികം വിശ്വാസികൾക്കും മനസ്സിലാക്കാൻ കഴിഞ്ഞില്ല. ദൈവം എന്നെ പ്രശസ്തനായ ഒരു പ്രസംഗകനാകുവാനല്ല വിളിച്ചത്. ക്രിസ്തുവിന്റെ ശരീരം പണിയുവാനത്രേ. എന്റെ ജീവിതത്തെ സംബന്ധിച്ച അവിടുത്തെ ഹിതം നിറവേറ്റപ്പെടുന്നതിനാണ് എനിക്കു ദൈവം വരങ്ങളെ നൽകിയിരിക്കുന്നത്. ഈ ലോകത്തിലെ മഹത്വം വിട്ടുകളയുവാൻ ആദ്യമേ ദൈവം എന്നോടു പറഞ്ഞു. അന്നു ഞാൻ നേവിയിൽ ഓഫീസറായിരുന്നു. പിന്നീട് ക്രിസ്തീയ ലോകത്തിലെ മഹത്വം വിട്ടുകളയാൻ പറഞ്ഞു. അന്നു ഞാൻ അറിയപ്പെടുന്ന പ്രസംഗകനായിരുന്നു. അവിടുന്നു പറഞ്ഞതൊക്കെ ഞാൻ അനുസരിച്ചപ്പോൾ ദൈവം പറഞ്ഞു: "ക്രിസ്തുവിന്റെ ശരീരം പണിയുവാൻ ഞാൻ നിന്നെ ഉപയോഗിക്കും."

ഇപ്പോൾ ഏതാണ്ടു നാല്പതു വർഷത്തോളമായി ഞാൻ തിരിഞ്ഞുനോക്കുമ്പോൾ ഇന്ത്യയിലും വിദേശത്തുമായി കർത്താവിന്റെ ശരീരത്തിന്റെ ആവിഷ്ക്കാരമായിരിക്കുന്ന എത്രയോ പ്രാദേശിക സഭകൾ! എന്റെ ഹൃദയം നിറഞ്ഞു തുളുമ്പുന്നു. കോടിക്കണക്കിനു രൂപകൾക്കോ വലിയ പ്രസംഗകനെന്ന ഖ്യാതിക്കോ വേണ്ടി ഞാൻ ഒരിക്കലുമതു വച്ചുമാറുകയില്ല. ആളുകളെ ക്രിസ്തു ശിഷ്യരാക്കുക എന്നതാണ് ഏറ്റവും മനോഹരമായ പ്രവൃത്തി. ജയജീവിതത്തിലേക്ക് അവരെ നടത്തുക. സമാധാനപൂർണ്ണവും സന്തോഷകരവുമായ കുടുംബജീവിതത്തിന് ഭാര്യാഭർത്താക്കന്മാർ പ്രാപ്തരാവുക. അങ്ങനെ അവരും ക്രിസ്തുശരീരത്തിൽ ഒന്നുചേരുക.

ഇന്ത്യയിൽ ഞാൻ നടത്തുന്ന വിവാഹങ്ങളിൽ ഞാൻ വധൂവരന്മാരോട് എഫെ. 4:26ലെ "സൂര്യനസ്തമിക്കുവോളം കോപം വച്ചുകൊണ്ടിരിക്കരുത്" എന്ന വാക്യം അനുസരിക്കണമെന്ന് ഉപദേശിക്കാറുണ്ട്. ഒന്നാം നൂറ്റാണ്ടിൽ വിദ്യുച്ഛക്തി കണ്ടുപിടിച്ചിരുന്നില്ല. അതുകൊണ്ട് ആളുകൾ സൂര്യനസ്തമിക്കുമ്പോൾത്തന്നെ ഉറങ്ങാൻ പോകുമായിരുന്നു. ഈ വാക്യത്തിന്റെ





കഴിഞ്ഞ 25 വർഷങ്ങളായിട്ട് എന്റെ സ്വീകരണമുറിയിൽ തൂക്കിയിട്ടിരിക്കുന്ന ഒരു വാക്യബോർഡുണ്ട്. "ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കില്ല.' (ഗലാ. 1:10). ഞാൻ കൂടെക്കൂടെ അതിലേക്കു നോക്കും. അതൊരു അഗ്നിയായി എന്റെ ഹൃദയത്തിലേക്ക് കത്തിയിറങ്ങിയിരിക്കുന്നു. നാം നേതൃത്വത്തിലിരിക്കുമ്പോൾ ആളുകളെ പ്രസാദിപ്പിക്കുവാനുള്ള ഒരു പരീക്ഷ നമുക്കുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അത് ഒരിക്കലും നമുക്കു പാടില്ല.

അർത്ഥം ഉറങ്ങാൻ പോകുന്നതിനു മുമ്പുതന്നെ തമ്മിലുള്ള അസ്വാരസ്യങ്ങൾ പറഞ്ഞവസാനിപ്പക്കണമെന്നാണ്. തമ്മിലുള്ള നീരസങ്ങൾ വച്ചുകൊണ്ട് ഒരിക്കലും ഉറങ്ങാൻ പോകരുതെന്നു ഞാൻ വധൂവരന്മാരോടു പറയുന്നു. പ്രശ്നം ഒരുപക്ഷേ പരിഹരിക്കപ്പെട്ടില്ലായിരിക്കാം. പക്ഷേ നിങ്ങൾ തമ്മിലുള്ള നീരസം തീർച്ചയായും പരിഹരിക്കുകതന്നെ വേണം. നിങ്ങൾ കിടക്കയിലേക്കു സമാധാനത്തോടെയും പരസ്പരം സംസാരിക്കുവാൻ കഴിയുന്ന മാനസികാവസ്ഥയോടെയും മാത്രമെ പോകുവാൻ പാടുള്ളു. ഞാൻ വിവാഹം നടത്തിക്കൊടുത്ത ഒരു സഹോദരൻ 20 വർഷങ്ങൾക്കുശേഷം എന്റെ അടുത്തുവന്ന് എന്നോടു പറഞ്ഞു: "താങ്കൾ അന്നു പറഞ്ഞ പ്രബോധനം കഴിഞ്ഞ 20 വർഷമായി ദിനംപ്രതി ഞാൻ അനുസരിക്കുന്നു. ഒരിക്കലും തമ്മിൽ പറഞ്ഞു പരിഹരിക്കാത്ത പ്രശ്നങ്ങളുമായി ഞങ്ങൾ കിടക്കയിലേക്കു പോയിട്ടില്ല." ഞാൻ പറഞ്ഞു: 'മരിച്ചവരെ ജീവിപ്പിക്കുന്നതിനെക്കാൾ വലിയ അത്ഭുതമാണത്.' ഇപ്രകാരം പല വധൂവരന്മാരും ഇക്കാര്യം എന്നോടു പറഞ്ഞിട്ടുണ്ട്.

**എണ്ണമല്ല ഗുണം പ്രധാനം**

ആളുകളുടെ എണ്ണത്തേക്കാൾ ഗുണനിലവാരമാണ് ഞങ്ങൾ സഭയിൽ ലക്ഷ്യം വയ്ക്കുന്നത്. അന്ത്യകാലത്ത് കേൾക്കാൻ രസമുള്ള കാര്യങ്ങൾ കേൾക്കുവാനുള്ള കൊതി ആളുകൾക്കുണ്ടാകാമെന്നു പൗലോസ് തിമൊഥെയോസിന് എഴുതി. കഴിഞ്ഞ 25 വർഷങ്ങളായിട്ട് എന്റെ സ്വീകരണമുറിയിൽ തൂക്കിയിട്ടിരിക്കുന്ന ഒരു വാക്യബോർഡുണ്ട്. "ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസൻ ആയിരിക്കില്ല" (ഗലാ. 1:10). ഞാൻ കൂടെക്കൂടെ അതിലേക്കു നോക്കും. അതൊരു അഗ്നിയായി എന്റെ ഹൃദയത്തിലേക്ക് കത്തിയിറങ്ങിയിരിക്കുന്നു. നാം നേതൃത്വത്തിലിരിക്കുമ്പോൾ ആളുകളെ പ്രസാദിപ്പിക്കുവാനുള്ള ഒരു പരീക്ഷ നമുക്കുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അത് ഒരിക്കലും നമുക്കു പാടില്ല. നമുക്ക് ദൈവസന്നിധിയിൽ നിന്നേ മതിയാവൂ. അവിടുത്തെ മാത്രം പ്രസാദിപ്പിച്ചേ മതിയാകൂ.

ഒരു വലിയ സംഗീതപരിപാടിയിൽ വയലിൻ വായിക്കുന്ന ഒരു ഒൻപതു വയസ്സുകാരനെക്കുറിച്ചുള്ള കഥ ഞാൻ കേട്ടിട്ടുണ്ട്. അവൻ അത്രയധികം മനോഹരമായി അതു വായിച്ചതിനാൽ. ടെലിവിഷൻ പ്രവർത്ത

▶ പേജ് 30



# ബൈബിളിലൂടെ... 2 കൊരിന്ത്യർ

**ആമുഖം**

ഏതൊരു സഭയുടെ ശുശ്രൂഷയും വലിയൊരളവു വരെ അതിന്റെ നേതാവിന്റെ ജീവിതത്തിൽ ദൈവം ചെയ്യുന്ന പ്രവൃത്തിയെ ആശ്രയിച്ചാണിരിക്കുന്നത്. വെളിപ്പാട് പുസ്തകം 2,3 അദ്ധ്യായങ്ങളിൽ, ഒരു നേതാവ് പിന്മാറ്റത്തിലായാൽ സഭയും പിന്മാറ്റത്തിലായിരിക്കും എന്ന കാര്യം നാം വളരെ വ്യക്തമായി കാണുന്നുണ്ട്. നേതാവ് വിശ്വസ്തനാണെങ്കിൽ സഭയും വിശ്വസ്തയായിരിക്കും. ഒരു വിശ്വാസിയെന്ന നിലയിൽ കഴിഞ്ഞ 50 വർഷക്കാലം ഞാൻ കടന്നുപോയ ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള സഭകളിലെല്ലാം ഇതു സത്യമാണെന്നു ഞാൻ നിരീക്ഷിച്ചിട്ടുണ്ട്. നേതാവ് ഒരു ഒത്തുതീർപ്പുകാരനാണെങ്കിൽ സഭയും ഒത്തുതീർപ്പുള്ളതായിരിക്കും. നേതാവ് ദൈവഭക്തനായ ഒരുവനാണെങ്കിൽ ആ സഭയും പൊതുവെ ദൈവത്തോടു ചേർന്നു നടക്കുന്നതായിരിക്കും. കാരണം അങ്ങനെയുള്ള സഭകളിൽ ദൈവികനല്ലാത്തവൻ അല്പകാലം കഴിയുമ്പോൾ ഏതെങ്കിലും കാര്യത്തിൽ പ്രതിഷേധിച്ചു സഭ വിട്ടുപോകും. അങ്ങനെ ദൈവികമായൊരു ശേഷിപ്പ് നിലനില്ക്കും.

കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം ഒരു പട്ടണത്തിലെ പ്രാദേശിക സഭയെ സംബന്ധിച്ചുള്ളതാണ്.



*ഒരു മൺപാത്രം ഒട്ടും ആകർഷകമല്ല. എന്നാൽ അതിൽ വെള്ളമുണ്ടെങ്കിൽ ദാഹിച്ചിരിക്കുന്ന ഒരുവന് അത് ഒരു സ്വർണ്ണപാത്രത്തേക്കാൾ തൃപ്തി നൽകുന്നതായിരിക്കും.*





കൊരിന്ത്യർക്കുള്ള രണ്ടാം ലേഖനം ഒരു പ്രാദേശിക സഭയെ നയിക്കുന്ന നേതാവിന്റെ ആന്തരിക ജീവിതം സംബന്ധിച്ചുള്ളതാണ്. 1 കൊരിന്ത്യർ ആത്മീയ വരങ്ങളെ കുറിച്ചും, സഭായോഗം എങ്ങനെ നടത്തണമെന്നതിനെ കുറിച്ചും അപ്പം നുറുക്കലിനെ കുറിച്ചും സഭയിലെ അച്ചടക്കത്തെ കുറിച്ചും അങ്ങനെയുള്ള വിവിധ വിഷയങ്ങളെ സംബന്ധിച്ചും പറയുന്നു. സഭയെ നയിക്കുവാൻ ദൈവം ഒരു മനുഷ്യനെ എങ്ങനെയൊരുക്കുന്നു എന്നാണ് 2 കൊരിന്ത്യരിൽ പറയുന്നത്. പൗലൊസ് തന്റെ ആന്തരിക ജീവിതത്തെക്കുറിച്ചു മറ്റേതൊരു ലേഖനത്തിലുമുള്ളതിനേക്കാൾ വെളിപ്പെടുത്തുന്നത് 2 കൊരിന്ത്യരിലാണ്.

അപ്പൊസ്തല പ്രവൃത്തികളിൽ നാം വായിക്കുന്നത് ഒരു അപ്പൊസ്തലനെന്ന നിലയിൽ പൗലൊസ് നിവർത്തിച്ച കാര്യങ്ങളെ സംബന്ധിച്ചാണ്. എന്നാൽ 2 കൊരിന്ത്യരിൽ നാം വായിക്കുന്നത്, അദ്ദേഹത്തെ ഒരു ദൈവമനുഷ്യനാക്കുവാൻ ദൈവം അനുവദിച്ച വഴികളെ സംബന്ധിച്ചുള്ളതാണ്. ദൈവത്തെ സേവിക്കുവാൻ ആഗ്രഹിക്കുന്നവൻ ദൈവം ഒരു മനുഷ്യനെ തന്റെ വേലയ്ക്കായി ഒരുക്കുന്നത് എങ്ങനെയെന്നു കാണുവാൻ 2 കൊരിന്ത്യർ ധ്യാനിക്കേണ്ടതുണ്ട്. ആന്തരിക ജീവിതത്തിലെ ദൈവത്തോടു കൂടിയുള്ള നടപ്പിന്റെ ഫലമായിട്ടാണ് പൗലൊസിന്റെ ശുശ്രൂഷ ഫലപ്രദമായത്. അല്ലാതെ അദ്ദേഹത്തിനു ദൈവം ധാരാളം വരങ്ങൾ നൽകിയതുകൊണ്ടല്ല. ഒരു മൺപാത്രം ഒട്ടും ആകർഷകമല്ല. എന്നാൽ അതിൽ വെള്ളമുണ്ടെങ്കിൽ ദാഹിച്ചിരിക്കുന്ന ഒരുവന് അത് ഒരു സ്വർണ്ണപാത്രത്തേക്കാൾ തൃപ്തി

> ചില വരങ്ങൾ കാഴ്ചയ്ക്കു സ്വർണ്ണപാത്രംപോലെ ഗംഭീരമാണ്. എന്നാൽ മറ്റുചിലത് മൺപാത്രം പോലെ സാധാരണമാണ്. എന്താണ് പാത്രത്തിന്റെ ഉള്ളിലുള്ളതെന്നതാണു പ്രധാനം. അതിനാൽ ഒരു ആത്മീയ വരമുണ്ടെന്നുള്ളതുകൊണ്ടു മാത്രമായില്ല. തീർച്ചയായും ആത്മീയ വരങ്ങൾ വേണം. എന്നാൽ ഈ വരങ്ങളോടുകൂടിയുള്ള നമ്മുടെ ആന്തരികജീവിതമാണ് മറ്റുള്ളവർക്കു കാണിച്ചുകൊടുക്കേണ്ടത്.

നൽകുന്നതായിരിക്കും. ചില വരങ്ങൾ കാഴ്ചയ്ക്കു സ്വർണ്ണപാത്രം പോലെ ഗംഭീരമാണ്. എന്നാൽ മറ്റുചിലത് മൺപാത്രം പോലെ സാധാരണമാണ്. എന്താണ് പാത്രത്തിന്റെ ഉള്ളിലുള്ളതെന്നതാണു പ്രധാനം. അതിനാൽ ഒരു ആത്മീയ വരമുണ്ടെന്നുള്ളതുകൊണ്ടു മാത്രമായില്ല. തീർച്ചയായും ആത്മീയ വരങ്ങൾ വേണം. എന്നാൽ ഈ വരങ്ങളോടുകൂടിയുള്ള നമ്മുടെ ആന്തരിക ജീവിതമാണ് മറ്റുള്ളവർക്കു കാണിച്ചുകൊടുക്കേണ്ടത്.

1 കൊരിന്ത്യരിൽ വരങ്ങൾക്കാണ് ഊന്നൽ കൊടുത്തിട്ടുള്ളത്. എന്നാൽ 2 കൊരിന്ത്യരിൽ പാത്രത്തിനാണ് ഊന്നൽ. 2 കൊരിന്ത്യർ 1: 1–8 വരെയുള്ള വാക്യങ്ങളിൽ പൗലൊസിന് ഈ ശുശ്രൂഷ എങ്ങനെ ലഭിച്ചു എന്നു നാം കാണുന്നു. ദൈവം അവനെ പരിശുദ്ധാത്മാവിനാൽ അഭി

**പലവിധ ശോധനകളലൂടെയും കഷ്ടതയിലൂടെയും കടന്നുപോകുന്ന അനേകം ആളുകൾ നമുക്കു ചുറ്റുമുണ്ട്. അങ്ങനെയുള്ളവരെ സഹായിക്കണമെങ്കിൽ നാം ആദ്യം പലവിധ ശോധനകളിലൂടെയും കഷ്ടതകളിലൂടെയും കടന്നു പോകേണ്ടതുണ്ട്. ദൈവം തന്ന നമ്മുടെ ശക്തിയും പ്രോത്സാഹനവും ജയവും അവരോടു പങ്കുവയ്ക്കണം. ഇതാണ് പുതിയ നിയമ ശുശ്രൂഷ.**

ഷേകം ചെയ്തു എന്നതുകൊണ്ടു മാത്രമല്ലത്. പരിശുദ്ധാത്മാവിനാൽ അഭിഷേകം പ്രാപിച്ച പലരിൽ നിന്നും ജീവജലത്തിന്റെ നദികൾ ഒഴുകുന്ന തരത്തിലുള്ള ഒരു ശുശ്രൂഷയല്ല കാണുന്നത്. കാരണം അവർ 2 കൊരിന്ത്യർ മനസ്സിലാക്കിയിട്ടില്ല. അവരുടെ ആന്തരിക ജീവിതത്തെ നുറുക്കുന്ന ഒരു പ്രവൃത്തി ചെയ്യുവാൻ അവർ ദൈവത്തെ അനുവദിച്ചിട്ടില്ല. പാറയെ അടിച്ചപ്പോഴാണ് നദിപോലെ വെള്ളം ഒഴുകി തുടങ്ങിയത്.

2 കൊരിന്ത്യർ 1:3, 4ൽ പൗലൊസിന് ഈ ശുശ്രൂഷ എങ്ങനെ ലഭിച്ചു എന്നതിനെ സംബന്ധിച്ച് കാണാം. ഇവിടെ അദ്ദേഹം "ആശ്വാസം" എന്ന് വാക്കു "ശക്തി" എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് ഈ വാക്യങ്ങൾ ഇങ്ങനെ വായിക്കാം. "മനസ്സലിവുള്ള പിതാവും സർവ്വശക്തിയുടെയും ദൈവവുമായ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവൻ. തങ്ങളുടെ സകല കഷ്ടതകളിലും അവിടുന്നു ഞങ്ങളെ ശക്തരാക്കുന്നു. അങ്ങനെ ദൈവത്തിൽ നിന്നു ലഭിച്ച ശക്തിയാൽ ഏതു കഷ്ടതയിലും സഹായിപ്പാൻ ഞങ്ങൾ പ്രാപ്തരായിരിക്കുന്നു." പലവിധ ശോധനകളിലൂടെയും കഷ്ടതയിലൂടെയും കടന്നുപോകുന്ന അനേകം ആളുകൾ നമുക്കു ചുറ്റുമുണ്ട്. അങ്ങനെയുള്ളവരെ സഹായിക്കണമെങ്കിൽ നാം ആദ്യം പലവിധ ശോധനകളിലൂടെയും കഷ്ടതകളിലൂടെയും കടന്നു പോകേണ്ടതുണ്ട്. ദൈവം തന്ന നമ്മുടെ ശക്തിയും പ്രോത്സാഹനവും ജയവും അവരോടു പങ്കുവയ്ക്കണം. ഇതാണ് പുതിയ നിയമ ശുശ്രൂഷ.

ഒരുവൻ ക്രിസ്തീയ പുസ്തകങ്ങൾ പഠിച്ചും ടേപ്പുകൾ കേട്ടും തയ്യാറാക്കുന്ന പ്രസംഗങ്ങളിലൂടെ ഉണ്ടാകുന്നതല്ല പുതിയനിയമ ശുശ്രൂഷ. അവൻ പല കഷ്ടതകളിലൂടെ രഹസ്യമായി കടന്നു പോകേണ്ടതുണ്ട്. എല്ലാ കാര്യത്തിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണ് യേശു. അവിടുന്നു നമുക്കൊരു മുൻഗാമിയാണ്. കാരണം അവിടുന്ന് എല്ലാ പരീക്ഷകളേയും നേരിട്ട് ജയിച്ചു. അതിനാൽ എന്നെ അനുഗമിക്കുക എന്ന് യേശുവിനു പറയുവാൻ കഴിയും. നാം ഇപ്പോൾ നമുക്കു ചുററുള്ളവർക്കു മുൻഗാമികളാകണം. അതിനുശേഷം അവരോട് പറയണം. "ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുഗമിക്കുവിൻ" (1കൊരി. 11:1).

പരിശുദ്ധാത്മ വരങ്ങൾ ഉണ്ടായിരുന്നെങ്കിലും പൗലൊസ് തന്റെ ജീവിതത്തിൽ പലവിധ ശോധനകളിലൂടെയും കഷ്ടതകളിലൂടെയും കടന്നു പോയിരുന്നില്ലെങ്കിൽ അദ്ദേഹത്തിന് ഒരു ശുശ്രൂഷ ഉണ്ടാകുമായിരുന്നില്ല. വേദപുസ്തകം പഠിച്ചാൽ മാത്രം പോര, പരിശുദ്ധാത്മ അഭിഷേകവും കൂടി വേണമെന്നു പലരും അഭിപ്രായപ്പെടാറുണ്ട്. എന്നാൽ ഞാൻ പറയട്ടെ. "ഇതും രണ്ടും മാത്രം പോര, നാം പലവിധ ശോധനകളിലൂടെ കടന്നുപോവുകയും ദൈവത്തിൽ നിന്നുള്ള സഹായത്താൽ അവയെല്ലാം ജയിക്കുകയും വേണം." അങ്ങനെ നാം ദൈവത്തിനായുള്ള പുതിയനിയമ ദാസന്മാരായി തീരും. ദൈവത്തിന്റെ മനസ്സറിയുന്നതിനും ദൈവവചനം പഠിക്കുന്നതിനും നാം മണിക്കൂറുകൾ ചെലവഴിക്കേണ്ടതുണ്ട്. പരിശുദ്ധാത്മ വരങ്ങൾക്കായി ദൈവത്തോട് നാം പ്രാർത്ഥിക്കേണ്ടതുണ്ട്. അപ്പോൾ ദൈവം നമ്മെ ശോധനയെന്ന പാലത്തിലൂടെ കടത്തി വിടും. അങ്ങനെ അവിടുന്നു ഫലപ്രദമായ ഒരു ശുശ്രൂഷ നമുക്കു നൽകുകയും ചെയ്യും.

"ക്രിസ്തുവിന്റെ കഷ്ടതകൾ ഞങ്ങളിൽ വർദ്ധിക്കുന്നതുപോലെ തന്നെ ക്രിസ്തുവിലൂടെ ലഭിക്കുന്ന ആശ്വാസത്തിലും ഞങ്ങൾ സമൃദ്ധിയുള്ളവരായിത്തീർന്നു" (1:5). മറ്റുള്ളവരെ സഹായിക്കുവാൻ കഴിയുമാറ് നമുക്കെങ്ങനെ ശക്തരാകാം എന്നതാണ് പൗലൊസ് ഇവിടെ പറയുന്നത്. മതാപിതാക്കളും ബന്ധുജനങ്ങളും തള്ളിക്കളയുകയും മറ്റ് പലരും പുച്ഛിക്കുകയും ചെയ്യുന്ന അനുഭവങ്ങളിലൂടെ കടന്നു പോകേണ്ടി വന്നേക്കാം. സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെയും രോഗങ്ങളിലൂടെയും കടന്നു പോകേണ്ടി വന്നേക്കാം.

**വേദപുസ്തകം പഠിച്ചാൽ മാത്രം പോര, പരിശുദ്ധാത്മ അഭിഷേകവും കൂടി വേണമെന്നു പലരും അഭിപ്രായപ്പെടാറുണ്ട്. എന്നാൽ ഞാൻ പറയട്ടെ. "ഇതും രണ്ടും മാത്രം പോര, നാം പലവിധ ശോധനകളിലൂടെ കടന്നുപോവുകയും ദൈവത്തിൽ നിന്നുള്ള സഹായത്താൽ അവയെല്ലാം ജയിക്കുകയും വേണം." അങ്ങനെ നാം ദൈവത്തിനായുള്ള പുതിയനിയമ ദാസന്മാരായി തീരും.**

ആരോഗ്യം ദൈവത്തിന്റെ നല്ലൊരു ദാനമാണ്. എന്നാൽ അത് ദൈവത്തെ സേവിക്കുന്നതിനു വളരെ ആവശ്യമുള്ള ഒന്നല്ല. പൗലൊസിനു എന്തോ രോഗമുണ്ടായിരുന്നു. അദ്ദേഹമതിനെ "ജഡത്തിലെ ശൂലം" എന്നാണു വിളിക്കുന്നത്. ദൈവത്തിന് അത് എടുത്തു കളയാമായിരുന്നു. എങ്കിലും അവിടുന്ന് അതു ചെയ്തില്ല. തിമൊഥെയോസിന്റെ 'ശൂലം' ഇടയ്ക്കിടെ അവനുണ്ടായിരുന്ന ഉദരരോഗമായിരുന്നു. പൗലൊസ് പ്രാർത്ഥിച്ചിട്ടുപോലും ദൈവം അതും സൗഖ്യമാക്കിയില്ല (1 തിമൊ. 5:23). തിമൊഥെയോസിനു തന്റെ ജീവിതകാലം മുഴുവൻ തന്റെ രോഗത്തിനുവേണ്ടി മരുന്നു കഴിക്കേണ്ടിവന്നു. പുതിയനിയമത്തിൽ ഏറ്റവും ഫലപ്രദമായി ദൈവവേല ചെയ്ത രണ്ടുപേരാണ് പൗലൊസും തിമൊഥെയോസും. അവരുടെ രോഗം ദൈവത്തെ ശുശ്രൂഷിക്കുന്ന കാര്യത്തിൽ ഒരു തടസ്സവുമുണ്ടാക്കി

> ദൈവവേലയ്ക്കു ധാരാളം പണം വേണമെന്നാണ് പല പ്രസംഗകരും ഇന്നു ജനങ്ങൾക്കു നൽകുന്ന ധാരണ. എന്നാൽ പൂർണ്ണമായും അവാസ്തവമാണത്. പൗലൊസിന്റെ ജീവിതത്തിൽ കൂടുതൽ സമയവും കുറച്ചു പണം മാത്രമെ കൈവശം ഉണ്ടായി രുന്നുള്ളു. ചില അവസരങ്ങളിൽ ഭക്ഷണത്തിനൊ കമ്പളി വസ്ത്രം വാങ്ങുന്നതിനൊ ഉള്ള പണം പോലും അദ്ദേഹത്തിന്റെ പക്കൽ ഉണ്ടയിരുന്നില്ല

യില്ല. എന്നുമാത്രമല്ല അത് അവരുടെ ദൈവവേലയെ കൂടുതൽ ഫലപ്രദമാക്കി. അവരുടെ ശൂലങ്ങളിലൂടെ ദൈവം അവരെ താഴ്മയിൽ നിറുത്തി. അതിലൂടെ താഴ്മയുള്ളവർക്കു മാത്രം അവിടുന്നു നൽകുന്ന എല്ലാറ്റിനും മതിയായ ദൈവകൃപയാൽ അവർ ശക്തരാക്കപ്പെട്ടു (2 കൊരി. 12:7, 1 പത്രൊ. 5:5). അതുകൊണ്ട് ആരോഗ്യമാണോ രോഗമാണോ നല്ലതെന്നു തീരുമാനിക്കുന്ന കാര്യം ദൈവത്തിനു വിട്ടുകൊടുക്കാം.

ദൈവവേലയ്ക്കു ധാരാളം പണം വേണമെന്നാണ് പല പ്രസംഗകരും ഇന്നു ജനങ്ങൾക്കു നൽകുന്ന ധാരണ. എന്നാൽ പൂർണ്ണമായും അവാസ്തവമാണത്. പൗലൊസിന്റെ ജീവിതത്തിൽ മിക്കപ്പോഴും കുറച്ചു പണം മാത്രമെ കൈവശം ഉണ്ടായിരുന്നുള്ളു. ചില അവസരങ്ങളിൽ ഭക്ഷണത്തിനൊ കമ്പളി വസ്ത്രം വാങ്ങുന്നതിനൊ ഉള്ള പണംപോലും അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നില്ല (2 കൊരി. 11:27). ലോകത്തിലെ വലിയ സ്ഥാപനങ്ങൾ അവരുടെ ജീവനക്കാർക്കു ധാരാളം സൗകര്യങ്ങൾ ചെയ്തു കൊടുക്കുമ്പോൾ ദൈവം എന്തുകൊണ്ടാണ് തന്റെ വിലപ്പെട്ട ദാസന്മാർക്കു ഭക്ഷണമോ കമ്പളി വസ്ത്രമോ പോലും കൊടുക്കാത്തത്? എല്ലാ സാഹചര്യത്തിലും തൃപ്തിയുള്ളവനും നന്ദിയുള്ളവനും ആയിരിക്കുവാൻ ആദ്യം ദൈവത്തിനു പൗലൊസിനെ പഠിപ്പിക്കേണ്ടിയിരുന്നു. ഭക്ഷണവും കമ്പളി വസ്ത്രവും ഇല്ലാത്ത മനുഷ്യരുടെ അനുഭവം എന്താണെന്നു പൗലൊസ് മനസ്സിലാക്കണമെന്ന് അവിടുന്ന് ആഗ്രഹിച്ചു. മറ്റുള്ളവരുടെ അനുഭവങ്ങളിലൂടെ കടന്നുപോയി അത് അനുഭവിക്കുമ്പോൾ മാത്രമേ നമുക്കു വാസ്തവമായി ദൈവത്തെ സേവിക്കുവാൻ സാധിക്കുകയുള്ളു.

ഞാൻ നേവിയിൽ ആയിരുന്നപ്പോൾ എനിക്കു വളരെ ഉയർന്ന ശമ്പളം ലഭിച്ചിരുന്നു. 1966ൽ ജോലി ഉപേക്ഷിച്ച് ദൈവത്തെ സേവിക്കുവാൻ എന്നെ ദൈവം വിളിച്ചു. പെട്ടെന്നു ഒരു നാൾ എന്റെ ശമ്പളം പൂജ്യത്തിലേക്കു വന്നു. നേവിയിൽ ആയിരുന്നപ്പോൾ ഉണ്ടായിരുന്ന സമ്പാദ്യമെല്ലാം ഞാൻ ദൈവവേലയ്ക്കായി നൽകിയുന്നു. പിന്നീട് ഞാൻ വിവാഹിതനാവുകയും എനിക്കൊരു കുഞ്ഞുണ്ടാവുകയും ചെയ്തു. മൂന്നു വർഷത്തോളം ഞാനും എന്റെ ഭാര്യയും സാമ്പത്തികമായി വളരെ കഷ്ടപ്പെട്ടു. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന ആശ്ചര്യകരമായ വർഷങ്ങളായിരുന്നു അവയെല്ലാം. ആരോടും വായ്പ വാങ്ങാതെയും കടക്കാരനാവാതെയും ഉള്ളതുകൊണ്ടു ലളിതമായി, ജീവിക്കുവാൻ ഞങ്ങൾ പഠിച്ചു. അക്കാലത്ത് ഞങ്ങൾ ദൈവത്തോട് കൂടുതൽ അടുക്കുകയുണ്ടായി എന്നതിനപ്പുറം ഭാര്യ ഭർത്താക്കന്മാർ എന്ന നിലയിലും ഞങ്ങൾ തമ്മിൽ കൂടുതൽ അടുത്തു. ലളിതമായി ജീവിക്കുന്നതിന് അന്നു ഞങ്ങൾ പഠിച്ച പാഠം 40 വർഷങ്ങൾക്കുശേഷം ഇന്നും ഞങ്ങളിൽ നിലനിൽക്കുന്നു. ഇന്നു ഞങ്ങളുടെ ആവശ്യത്തിലും അധികം ഞങ്ങൾക്കുണ്ട്. എന്നാൽ ഞാനും എന്റെ ഭാര്യയും ആ ആദ്യ വർഷങ്ങൾക്കായി അങ്ങേയറ്റം നന്ദിയുള്ളവരാണ്. ഒരിക്കലും സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെ കടന്നു പോകാത്ത അനേകരെ കുറിച്ച് എനിക്കു സഹതാപമുണ്ട്. കാരണം, വലിയൊരു ആത്മീയ പാഠം അവർക്കു നഷ്ടമായിരിക്കുന്നു. സാമ്പത്തിക ക്ലേശവും ശാരീരിക പ്രയാസങ്ങളും ദൈവവേലയ്ക്കായുള്ള പരിശീലനത്തിലെ പ്രധാന ഘടകങ്ങളാണ്. അതുപോലെ തന്നെയാണ് തെറ്റിദ്ധരിക്കപ്പെടുന്നതും, തള്ളപ്പെടുന്നതും തെറ്റായി കുറ്റം ആരോപിക്കപ്പെടുന്നതും. അത്തരം ശോധനകളിലൂടെ ദൈവം നമ്മെ ശക്തിപ്പെടുത്തും. ഈ കാര്യങ്ങളിലൂടെ കടന്നുപോയി അവയെ നേരിടാതെ നമുക്കൊരു ഫലപ്രദമായ ശുശ്രൂഷ ലഭിക്കുകയില്ലാത്തതിനാൽ സുഖകരമായ ജീവിതം നയിക്കുന്നവരെ കുറിച്ച് അസൂയപ്പെടേണ്ട. അവർക്കു പ്രധാനപ്പെട്ട ശുശ്രൂഷ ലഭിക്കുന്നില്ല.

പൗലൊസ് തുടർന്ന് ഇങ്ങനെ പറയുന്നു: "സഹോദരരേ ആസ്യയിൽ ഞങ്ങൾ സഹിച്ച ഉപദ്രവങ്ങളെക്കുറിച്ചു നിങ്ങൾ അറിയാതിരിക്കരുതെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ജീവനോടിരിക്കുമോ എന്നു നിരാശപ്പെടുമാറ് ഞങ്ങളുടെ കഴിവിനപ്പുറമായി ഞങ്ങൾ ഭാരപ്പെട്ടിരുന്നു" (1:8). താൻ മരിച്ചുപോകുമോയെന്നു പോലും ചിന്തിക്കത്തക്കവണ്ണമുള്ള ഉപദ്രവങ്ങളിലൂടെ അദ്ദേഹം കടന്നുപോയി. അവയുടെ ചെറിയഭാഗം മാത്രമെ പൗലൊസ് പങ്കുവച്ചിട്ടുള്ളു എന്നത് നല്ല കാര്യമാണ്. എല്ലാറ്റിന്റെയും വിശദമായ വിവരണം അദ്ദേഹം നൽകിയില്ല. എന്നാൽ തന്റെ ശുശ്രൂഷ കേവലം വേദപുസ്തക പഠനവും അഭിഷേകവും കൊണ്ടു മാത്രമുണ്ടായതല്ല എന്നു നാം കരുതാതിരിക്കുന്നതിനു വേണ്ടി തന്റെ കഷ്ടതകൾ അല്പം പങ്കുവയ്ക്കുന്നു. പൗലൊസ് പല ശോധനകളിലൂടെ കടന്നു പോകേണ്ടുതുണ്ടായിരുന്നു. ഈ അദ്ധ്യായത്തിലും 11-ാം അദ്ധ്യായത്തിലും പരാമർശിക്കുന്നത് അവയുടെ ഒരു ചെറിയ അംശം മാത്രമാണ്.

> ഒരിക്കലും സാമ്പത്തിക ബുദ്ധിമുട്ടുകളിലൂടെ കടന്നു പോകാത്ത അനേകരെ കുറിച്ച് എനിക്കു സഹതാപമുണ്ട്. കാരണം, വലിയൊരു ആത്മീയ പാഠം അവർക്കു നഷ്ടമായിരിക്കുന്നു. സാമ്പത്തിക ക്ലേശവും ശാരീരിക പ്രയാസങ്ങളും ദൈവവേലയ്ക്കായുള്ള പരിശീലനത്തിലെ പ്രധാന ഘടകങ്ങളാണ്. അതുപോലെ തന്നെയാണ് തെറ്റിദ്ധരിക്കപ്പെടുന്നതും, തള്ളപ്പെടുന്നതും തെറ്റായി കുറ്റം ആരോപിക്കപ്പെടുന്നതും.

*(തുടരും)*

(മൊഴിമാറ്റം: **സാജു ജോസഫ്**)

അദ്ധ്യായം 13

# വിവാഹത്തിനായുള്ള ഒരുക്കം

ആനി പുന്നൻ

**ഭാര്യയാകുക** എന്ന ചിന്ത ഇടയ്ക്കിടെ എന്നെ ആവേശം കൊള്ളിക്കും. എനിക്ക് അല്പം പേടിയുണ്ടായിരുന്നു. എന്റെ ജീവിതത്തിന്റെ മുഴുവൻ വഴികളെയും വ്യത്യാസപ്പെടുത്തുന്ന അതീവ ഗൗരവമുള്ള ഒരു ചുവടാണു ഞാൻ വയ്ക്കുന്നത്. ഞാൻ എന്റെ ജീവിതത്തെ മറ്റൊരു വ്യക്തിയുമായി പങ്കിടാൻ പോകുകയാണ്. ഇത് ഹോസ്റ്റലിലെ എന്റെ മുറിയിൽ ഒരു പുതിയ വ്യക്തി താമസിക്കാൻ വരുന്നതുപോലെയല്ല. ആ വ്യക്തി കുഴപ്പങ്ങളുണ്ടാക്കുന്ന തരമാണെങ്കിൽ എനിക്ക് അവളെ അവഗണിക്കുകയോ പുതിയ ഒരു മുറിയിലേക്കു മാറുകയോ ആവാം. എന്നാൽ ഒരു ഭർത്താവിനെ സംബന്ധിച്ച് എനിക്കങ്ങനെ ചെയ്യാനാവില്ല!

ദൈവഹിതം എനിക്കു നഷ്ടമാകല്ലേയെന്നു ഞാൻ നിരന്തരമായി തീക്ഷ്ണതയോടെ, പ്രാർത്ഥിച്ചു. ഞാൻ തെറ്റായ ഒരു ചുവടാണു വയ്ക്കുന്നതെങ്കിൽ, കർത്താവു തന്നെ ഈ ഘട്ടത്തിൽ ഈ വിവാഹാലോചന തടയണം. ദൈവഹിതത്തിന്റെ കേന്ദ്രത്തിൽ ആയിരിക്കാൻ ഞാൻ ആഗ്രഹിച്ചു. എന്റെ അമ്മയ്ക്ക് ഉണ്ടായതുപോലെ അസന്തുഷ്ടമായ ഒരു ദാമ്പത്യജീവിതം എനിക്കുണ്ടാകാൻ ഞാൻ താത്പര്യപ്പെട്ടില്ല.

രണ്ടു മാസത്തോളം നിരന്തരം എല്ലാ ദിവസവും ഈ വിഷയം വച്ചു പ്രാർത്ഥിച്ചു. ഈ വിവാഹാലോചന സംബന്ധിച്ച് ഒരു സമാധാനമാണ് എന്റെ ആത്മാവിൽ എനിക്കനുഭവപ്പെട്ടത്. എന്നെ സംബന്ധിച്ച അവിടുത്തെ ഹിതം എന്നെ അറിയിക്കാനുള്ള മാർഗ്ഗമാണിതെന്ന് എനിക്കറിയാമായിരുന്നു. ഞാൻ ഇക്കാര്യം എന്റെ പാസ്റ്ററോടു പറഞ്ഞു. തൊട്ടടുത്ത ദിവസം തന്നെ എന്റെ വിവാഹത്തിന് അനുമതി നൽകിക്കൊണ്ടുള്ള മാതാപിതാക്കളുടെ കത്തും എനിക്കു ലഭിച്ചു. ദൈവത്തിന്റെ സമയം എത്ര കൃത്യമാണ്! എന്റെ അറിവു കൂടാതെ മാതാപിതാക്കൾ തന്നെ പ്രകാശിനെക്കുറിച്ചു ചില അന്വേഷണങ്ങൾ നടത്തി. ഞാൻ താമസിക്കുന്നതിനു തൊട്ടടുത്ത പട്ടണത്തിൽ ജോലി നോക്കുന്ന അവരുടെ ചില സ്നേഹിതരെക്കൊണ്ടു പ്രകാശിനെക്കുറിച്ച് അന്വേഷിപ്പിച്ചു. അദ്ദേഹത്തെക്കുറിച്ചു നല്ല റിപ്പോർട്ടാണ് അവർക്കു ലഭിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അവർ കല്യാണത്തിനു സമ്മതിച്ചുകൊണ്ടു കത്തെഴുതിയത്.

ഒരു ദിവസം സഭായോഗത്തിൽ





പാസ്റ്റർ ഞങ്ങളുടെ വിവാഹ ഉറപ്പു സംബന്ധിച്ച കാര്യങ്ങൾ പരസ്യമായി പ്രസ്താവിച്ചു. തുടർന്നു പ്രകാശും ഞാനും ഹോസ്റ്റലിന്റെ സന്ദർശകമുറിയിൽ കൂടിക്കാണും. അന്യോന്യം കൂടുതൽ അറിയാൻ ശ്രമിക്കും. എനിക്ക് പ്രകാശിനോട് ഉള്ളിൽ കൂടുതൽ സ്നേഹം വളർന്നു വരുന്നതു ഞാൻ മനസ്സിലാക്കി. അതു തിരിച്ചും ഉണ്ടെന്നും എനിക്കറിയാമായിരുന്നു. എന്നാൽ ഭാരതീയ സംസ്കാരത്തിന്റെ പ്രത്യേകതകളും പരിമിതികളുംകൊണ്ട് ഞങ്ങൾ അത് അന്യോന്യം സ്വാതന്ത്ര്യമായി പ്രകടിപ്പിച്ചില്ല!

ദൈവം എനിക്കായി തിരഞ്ഞെടുത്ത ആളിലേക്ക് അവിടുന്ന് അത്ഭുതകരമായി എന്നെ നടത്തി! അവിടുന്ന് എത്ര നല്ലവനാണ്. എന്റെ അപക്വമായ ചെറുപ്പകാലത്തു മറ്റു യുവാക്കളുമായി അനുരാഗത്തിലാകുന്നതിനെക്കുറിച്ചുള്ള വ്യർത്ഥസങ്കല്പങ്ങൾ എന്നെയും വേട്ടയാടിയിരുന്നു. പക്ഷേ ദൈവം തന്റെ കൃപയാൽ എന്റെ സ്നേഹം മറ്റാരിലും വ്യർത്ഥമായി ചൊരിയാതെ എന്നെ കാത്തു. ഒരുപക്ഷേ അത്തരം ഒരു മടയത്തരത്തിൽ ഞാൻ വീണുപോയിരുന്നെങ്കിലും എന്റെ സ്നേഹനിധിയായ രക്ഷകൻ എന്നോടു പൊറുത്ത് എന്റെ പാപങ്ങൾ മായിച്ച് എല്ലാം പുതുതായി തുടങ്ങാൻ എന്നെ സഹായിച്ചേനേ. നാം തോറ്റുപോയാലും ദൈവം നമുക്കെല്ലാം പുതിയ അവസരങ്ങൾ ധാരാളമായി തരുന്നു. ഭൂതകാലം പൂർണമായി മറക്കുവാനും അവിടുന്ന് ഇടയാക്കും.

എന്റെ വിവാഹനിശ്ചയത്തിന്റെ വിവരം ഞാൻ എന്റെ വാർഡനായിരുന്ന സ്നേഹിതയെ എഴുതി അറിയിച്ചു. അവരുടെ ഉപദേശങ്ങളും

ഞാൻ എന്റെ ജീവിതത്തെ മറ്റൊരു വ്യക്തിയുമായി പങ്കിടാൻ പോകുകയാണ്. ഇത് ഹോസ്റ്റലിലെ എന്റെ മുറിയിൽ ഒരു പുതിയ വ്യക്തി താമസിക്കാൻ വരുന്നതു പോലെയല്ല. ആ വ്യക്തി കുഴപ്പങ്ങളുണ്ടാക്കുന്ന തരമാണെങ്കിൽ എനിക്ക് അവളെ അവഗണിക്കുകയോ പുതിയ ഒരു മുറിയിലേക്കു മാറുകയോ ആവാം. എന്നാൽ ഒരു ഭർത്താവിനെ സംബന്ധിച്ച് എനിക്കങ്ങനെ ചെയ്യാനാവില്ല!

പ്രാർത്ഥനകളുമാണു കഴിഞ്ഞ വർഷങ്ങളിലെല്ലാം എന്നെ നിലനിർത്തിയത്. ക്രിസ്തു തുല്യമായ രീതിയിൽ അവർ എനിക്കു മറുപടി എഴുതി – 'എന്റെ സന്തോഷത്തിൽ പങ്കുചേരുന്നു!' അതേസമയം അവർ അപ്പോഴും ഒറ്റയ്ക്കു ജീവിക്കുകയാണ്.

വിവാഹത്തിന്റെ കാര്യത്തിൽ ദൈവം എനിക്കുവേണ്ടി ചെയ്തതെല്ലാം ഞാൻ ഓർക്കുന്നു. ഒരു വിവാഹത്തെക്കുറിച്ചുള്ള എല്ലാ പ്രതീക്ഷകളും ഞാൻ കൈവിട്ട കാലത്ത്, എന്റെ മാതാപിതാക്കൾ എന്നെ ഇക്കാര്യത്തിൽ സഹായിക്കാതിരുന്ന കാലത്ത്, മറിയയുടെ വാക്കുകൾ എന്റെ ധ്യാനമായിരുന്ന കാര്യം ഞാൻ ഓർത്തു: "എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ. ഇന്നുമുതൽ എല്ലാ തലമുറ

കളും എന്നെ ഭാഗ്യവതി എന്നു വാഴ്ത്തും" (ലൂക്കൊ. 1:47–49).

ആഴ്ചയിൽ രണ്ടു തവണ ഞാനും പ്രകാശും തമ്മിൽ കൂടിക്കാണും. ക്രമേണ ഞാൻ അദ്ദേഹത്തിന്റെ സന്ദർശനത്തിനായി കാത്തിരിക്കുവാൻ തുടങ്ങി. അദ്ദേഹം ദൈവത്തെ ആഴമായി സ്നേഹിക്കുന്നവനായിരുന്നു. ഇതെനിക്കു വലിയ സുരക്ഷിതത്വം നൽകി. ഞാൻ വധുവാകുന്ന ദിവസത്തിനായി കാത്തിരിക്കാൻ തുടങ്ങി. ഞങ്ങൾ ഒന്നിച്ചു കൂടുമ്പോൾ ഭാവിയെക്കുറിച്ചു പദ്ധതികൾ തയ്യാറാക്കുമായിരുന്നു. ഓരോ സന്ദർശനവും ഞങ്ങൾ പ്രാർത്ഥനയോടെയാണ് അവസാനിപ്പിക്കാറുണ്ടായിരുന്നത്. ഞങ്ങളുടെ ജീവിതത്തിന്റെ കർത്താവായി ഞങ്ങൾ യേശുകർത്താവിനെ അംഗീകരിച്ചിരുന്നുവെന്നാണ് ഇതു കാണിക്കുന്നത്.

എന്റെ ഓരോ ദിവസവും പ്രകാശമാനമായി മാറി.

*(തുടരും)*

(മൊഴിമാറ്റം : **സാന്ദ്ര**)

*21 -ാം പേജിൽ നിന്ന് തുടർച്ച*

## ശരീരത്തിന്റെ ശുശ്രൂഷ

കർ വന്ന് ഇത്ര മനോഹരമായി വായിക്കുവാൻ എങ്ങനെ കഴിഞ്ഞു എന്നു ചോദിച്ചു. അവൻ തന്റെ കണ്ണുകൾ ബാൽക്കണിയിൽ ഇരിക്കുന്ന വയലിൻ അദ്ധ്യാപകന്റെ മുഖത്ത് കേന്ദ്രീകരിച്ചിരുന്നു- നിർദ്ദേശങ്ങൾക്കായിട്ട്. അദ്ദേഹത്തിന്റെ തലയുടെ ചലനങ്ങൾക്കനുസൃതമായിട്ടാണ് അവൻ വായിച്ചത്. അവൻ പ്രേക്ഷകരെ ആരെയും നോക്കിയില്ല. ഞാൻ അതിൽനിന്ന് ഒരു പാഠം പഠിച്ചു. ഞാൻ പറഞ്ഞു: "കർത്താവേ ഞാൻ പ്രസംഗിക്കുവാൻ എഴുന്നേൽക്കുമ്പോൾ എനിക്ക് അങ്ങയെ മാത്രം കണ്ടാൽമതി. എന്റെ കണ്ണുകൾ എന്റെ ഗുരുവായ അങ്ങയിൽത്തന്നെ ആയിരിക്കട്ടെ. ഞാൻ പറയുന്നത് അങ്ങ് അംഗീകരിക്കുന്നുവോ എന്നു ഞാൻ അറിയട്ടെ." ചിലപ്പോൾ ഞാൻ പറയുന്ന സത്യങ്ങൾ ചിലരെ വേദനിപ്പിക്കും എന്നു ഞാൻ അറിയുന്നു. ആ സമയം ഞാൻ കർത്താവിനെ നോക്കിക്കൊണ്ടിരിക്കുന്നു. എന്റെ പ്രസംഗം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അവിടുന്നു നേരിടുന്നു.

ചില വർഷങ്ങൾക്കുമുമ്പ് ആഴമുള്ള ജീവിതത്തെ സംബന്ധിച്ചുള്ള ഒരു സമ്മേളനത്തിനായി എന്നെ ആസ്ത്രേലിയയിലേക്കു ക്ഷണിച്ചു. ആദ്യത്തെ മീറ്റിംഗ് ആരംഭിക്കുന്നതിനുമുമ്പ് മുറിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ കർത്താവ് എന്നോടു ചോദിച്ചു: "വീണ്ടും ഇവിടേക്കു ക്ഷണിക്കപ്പെടണമെന്നു നീ ആഗ്രഹിക്കുന്നുവോ?'' ഞാൻ പറഞ്ഞു. ''കർത്താവേ അവർ വീണ്ടും ക്ഷണിക്കുമോ ഇല്ലയോ എന്നത് എനിക്കൊരു പ്രശ്നമല്ല." "എങ്കിൽ നീ പോയി സത്യം മാത്രം സംസാരിക്കുക." കർത്താവു പറഞ്ഞു. അത് അങ്ങനെതന്നെ സംഭവിച്ചു. പിന്നീടൊരിക്കലും അവിടേക്ക് എനിക്കു പോകേണ്ടിവന്നിട്ടില്ല. അത്തരം അനുഭവങ്ങൾ പലതവണ എനിക്കുണ്ടായിട്ടുണ്ട്. എങ്കിലും മനുഷ്യരെയല്ല ദൈവത്തെത്തന്നെ സേവിക്കുന്നത് വലിയ മാന്യതയാണ്.

*(തുടരും)*

(മൊഴിമാറ്റം: **ബോബിചെറിയാൻ**)



അനുഭവം

# ഓരോ ചുവടിലും അനുസരണം

അദ്ധ്യായം 37

കഥ ഇതുവരെ

*വെയിൽസിലെ ക്രിസ്തീയകുടുംബത്തിൽ ജനിച്ചുവളർന്ന റീസ് ഹൊവൽസ് പൂർണമായി തന്നെത്തന്നെ പരിശുദ്ധാത്മാവിനായി നൽകി. റീസിനെ പരിശുദ്ധാത്മാവ് അസാധാരണമായ ശുശ്രൂഷകളിലേക്ക് നയിച്ചു. തന്റെ നാട്ടിലും അയൽഗ്രാമത്തിലും ഉള്ള പലർക്കുവേണ്ടി റീസ് മധ്യസ്ഥത ചെയ്തു. അവരെയെല്ലാം ദൈവം വിടുവിച്ചു. എന്നാൽ അയൽ ഗ്രാമത്തിലെ ക്ഷയരോഗിണിയായ സഹോദരിക്കുവേണ്ടി ദൈവഹിതപ്രകാരം റീസ് മധ്യസ്ഥത ചെയ്തെങ്കിലും ഒടുവിൽ അവർ മഹത്വത്തിലേക്കു പ്രവേശിച്ചു. ലണ്ടനിലെ ഗോസ്റ്റിന്റെ മകന്റെ മാനസാന്തരത്തിനുവേണ്ടി നാസീർവ്രതസ്ഥനെപ്പോലെ പ്രാർത്ഥിച്ചു.ഒടുവിൽ മറുപടി കിട്ടി. റീസ് കൽക്കരിഖനി വിട്ടു.സ്നേഹിതൻ ജോയ്ക്കുവേണ്ടി മധ്യസ്ഥത ചെയ്തു. അദ്ഭുതസൗഖ്യം ലഭിച്ചു. വിവാഹിതനായി. ആഫ്രിക്കയ്ക്കു പോകാൻ അവർ സമർപ്പിച്ചു. ആഫ്രിക്കയിൽ വലിയ ഉണർവിന് അവർ കാരണമായി. മടങ്ങിയെത്തിയ റീസ് ദമ്പതികളെ ആത്മീയപരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാൻ ദൈവം നിയോഗിച്ചു. അവർ ഒരു കോളജ് ആരംഭിച്ചു. അവിടെ പല കാര്യങ്ങൾക്കുവേണ്ടിയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തുമായിരുന്നു.അതിനൊക്കെ അദ്ഭുതകരമായ നിലയിൽ മറുപടി ലഭിച്ചു. ലോകമെങ്ങും ചിതറിക്കിടക്കുന്ന യെഹൂദന്മാർ ഒന്നുചേർന്ന് യിസ്രായേൽ രാഷ്ട്രം രൂപീകരിക്കാൻ സാഹചര്യം ഉണ്ടാകാനായി റീസും കൂട്ടരും പ്രാർത്ഥന ആരംഭിച്ചു. യെഹൂദരായ അഭയാർത്ഥിക്കുട്ടികൾക്ക് ഒരു താവളം വെയിൽസിൽ സ്ഥാപിക്കാനും റീസിനെ ദൈവം പ്രേരിപ്പിച്ചു. പ്രാർത്ഥനയ്ക്കു മറുപടിയായി യെഹൂദരുടെ രാജ്യം പിറന്നു- യിസ്രായേൽ. രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയുടെയും കൂട്ടരുടെയും പരാജയത്തിനുവേണ്ടി മഹായുദ്ധത്തിന്റെ വർഷങ്ങളിൽ ഉടനീളം കോളജിലെ പ്രാർത്ഥനാസംഘം പ്രാർത്ഥനയിൽ പോരാടി..... തുടർന്നു വായിക്കുക.*

## അവസാന നിമിഷത്തെ ഇടപെടൽ

**രണ്ടാം** ലോകമഹായുദ്ധത്തിന്റെ നിഴലിൽ തന്നെയായിരുന്നു തുടർന്നുള്ള പല മാസങ്ങളും വർഷങ്ങളും കോളജും റീസും. കോളജിൽ ആദ്യകാലത്തു മധ്യസ്ഥ പ്രാർത്ഥന നാത്സികളുടെ പരാജയം, യിസ്രായേൽ രാഷ്ട്രത്തിന്റെ സ്ഥാപനം, ദൈവ പദ്ധതിയുടെ നിറവേറൽ തുടങ്ങിയ വലിയ കാര്യങ്ങൾക്കുവേണ്ടിയായിരുന്നു.

എന്നാൽ യുദ്ധം രൂക്ഷമായപ്പോൾ, ജർമനിയുടെ ബോംബർ വിമാനങ്ങൾ ബ്രിട്ടനെ വിറപ്പിച്ചപ്പോൾ, മാതൃരാജ്യത്തിന്റെ രക്ഷ എന്നതായി പ്രാർത്ഥനയുടെ ഊന്നൽ. 1941ൽ രാത്രികളിൽ ബ്രിട്ടന്റെ നേരെ പരക്കെ ശത്രു ബോംബിംഗ് തുടർന്നു.

ജനുവരി 20നു കോളജിൽ നടന്ന യോഗത്തിൽ റീസ് ഇപ്രകാരം മനസ്സു തുറന്നു: "ഇന്ന് എനിക്ക് ഏറെ ശക്തമായി തോന്നുന്നത് ഇതാണ് – രാജ്യത്തിനുവേണ്ടി നമ്മൾ പ്രാർത്ഥിക്കുന്നതിലേറെ ഈ പട്ടണത്തിനുവേണ്ടിയാണു നാം പ്രാർത്ഥിക്കേണ്ടത്. കർത്താവ് എന്നോട് ഇങ്ങനെ പറഞ്ഞു: 'ഈ വ്യോമാക്രമണങ്ങൾ തുടരാതെ ശത്രു പുറത്തുപോകാനായി പ്രാർത്ഥിക്കണം.'

ശത്രുവിന്റെ ബോംബാക്രമണങ്ങൾ തുടർന്നാൽ നമ്മൾ ആരും സുരക്ഷിതരായിരിക്കുമെന്ന് ഉറപ്പു പറയാനാവില്ല. അതുകൊണ്ട് ഈ ആക്രമണങ്ങൾ ഈ പട്ടണത്തിനുമേൽ ഇനി തുടരരുത്. മാത്രമല്ല ശത്രു ഈ രാജ്യം തന്നെ ഒഴിവാക്കി മറ്റൊരു ദിശയിലേക്കു പോകണം. ഞാൻ കർത്താവിനോട് ഇക്കാര്യത്തിൽ ഒരത്ഭുതം പ്രവർത്തിച്ചു പട്ടണത്തെയും രാജ്യത്തെയും വിടുവിക്കണമെന്ന് അപേക്ഷിച്ചു. അങ്ങനെ ചെയ്താൽ ഞങ്ങൾക്കു തന്നിൽ കൂടുതൽ വിശ്വസിക്കാമല്ലോ."

അടുത്ത പത്തു ദിവസം കോളജിൽ റീസിന്റെ നേതൃത്വത്തിൽ നടന്ന പ്രാർത്ഥനയുടെ ഊന്നൽ ശത്രുവിമാനങ്ങൾ പട്ടണവും രാജ്യവും വിട്ടുപോകണം എന്നായിരുന്നു.

ജനുവരി 28ലെ കോളജു ജേണലിൽ ആ പത്തു ദിവസത്തെ പ്രാർത്ഥനയുടെ ഉദ്ദേശ്യം ഇങ്ങനെ കുറിച്ചിരിക്കുന്നു: ''രാജ്യത്തിന്റെ സംരക്ഷണം ദൈവം ഉറപ്പു വരുത്തുമെന്നു തന്നെ വിശ്വസിക്കുന്നു.'' തുടർന്ന് ഒരു പ്രാർത്ഥനയാണു കുറിച്ചിരിക്കുന്നത്. അതിങ്ങനെ: "കർത്താവേ, ശത്രുവിനെ മെഡിറ്ററേനിയനു നേരെ തിരിക്കണമേ. ബ്രിട്ടന്റെ നേരെയുള്ള സമ്മർദ്ദം മാറിപ്പോകട്ടെ. ഹിറ്റ്ലറുടെ ശ്രദ്ധ മറ്റൊരു വഴിയിലേക്കു തിരിച്ചുവിടണമേ."

പ്രാർത്ഥനപോലെ കാര്യങ്ങൾ സംഭവിച്ചു. ഹിറ്റ്ലർ യൂഗോസ്ലാവിയ, ഗ്രീസ് എന്നിവയ്ക്കെതിരെയും യുദ്ധം പ്രഖ്യാപിച്ചു. വടക്കെ ആഫ്രിക്ക ക്രയ്റ്റ് എന്നിവിടങ്ങളിലേക്കും ഹിറ്റ്ലറുടെ സൈന്യം കടന്നുകയറി. ഈ രണ്ടു പോർമുഖങ്ങൾ തുറക്കേണ്ടിവന്നതുകൊണ്ട് ജർമനിയുടെ ശ്രദ്ധ ബ്രിട്ടനിൽനിന്നു മാറിപ്പോയി. അല്ലെങ്കിൽ ബ്രിട്ടനെ മുച്ചൂടും നശിപ്പിക്കത്തക്ക നിലയിലുള്ള വ്യോമാക്രമണങ്ങളായിരുന്നു നടന്നുകൊണ്ടിരുന്നത്. എന്നാൽ ദൈവം പ്രാർത്ഥന കേട്ടു. പ്രതിസന്ധി ഒഴിവായി.

ഇതിനെക്കാൾ അത്ഭുതാവഹമായിരുന്നു അടുത്ത പ്രാർത്ഥനയും അതിനുള്ള മറുപടിയും. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഗതിയെ തന്നെ തിരിച്ചുവിട്ട ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഇതിനെക്കുറിച്ചു വിശദമായി തന്നെ പറയേണ്ടിയിരിക്കുന്നു:

രണ്ടാം ലോകമഹായുദ്ധത്തിൽ ആദ്യം റഷ്യ ഹിറ്റ്ലറുടെ ആക്രമണത്തിൽ ഉൾപ്പെടുകയോ ബ്രിട്ടനും അമേരിക്കയ്ക്കും ഒപ്പം ജർമനി, ജപ്പാൻ, ഇറ്റലി എന്നിവർക്ക് എതിരെ റഷ്യ യുദ്ധത്തിൽ ഏർപ്പെടുകയോ ചെയ്തിരുന്നില്ല. എന്നാൽ 1941 മേയ് രണ്ടിന് – അതായത് ഹിറ്റ്ലർ റഷ്യ ആക്രമിക്കുന്നതിനു കൃത്യം ഏഴാഴ്ച മുൻപ് – പൊടുന്നനെ റീസ് ഹൊവൽസിനോടു ദൈവം റഷ്യയെക്കുറിച്ചു സംസാരിക്കാൻ ആരംഭിച്ചു. ഇതേപ്പറ്റി റീസ് അന്നു തന്നെ കോളജിലെ പതിവു പ്രാർത്ഥനാ യോഗത്തിൽ ഇങ്ങനെയാണു പറഞ്ഞത്: "നമ്മളെല്ലാം യുദ്ധം അവസാനിക്കാനായി കാത്തിരിക്കുകയാണ്. എന്നാൽ ഇന്നു ദൈവം എന്നോട് ഇങ്ങനെയാണു പറഞ്ഞത്. 'ഒരു രാജ്യത്തിന്റെമേൽ കൂടി ന്യായവിധി കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു –അതു കമ്യൂണിസ്റ്റു റഷ്യയാണ്."

പിറ്റേദിവസത്തെ യോഗത്തിൽ റീസ് ഇങ്ങനെ പറഞ്ഞു: "റഷ്യയാണ് ഇപ്പോൾ എന്റെ മുന്നിലുള്ളത്. സ്റ്റാലിനും പ്രഭൃതികളും ഇതിൽപ്പെടാതെ രക്ഷപ്പെടുന്നതു ശരിയാണോ? ദൈവം നമുക്ക് ഒരവസരം തന്നാൽ റഷ്യയും ജപ്പാനും ഒരു പാഠം പഠിക്കുന്നതിനു വേണ്ടി യുദ്ധം നീണ്ടുപോകാൻ നാം പറയുമോ? നമ്മൾ ദൈവത്തോട് അങ്ങനെ പറയാൻ പോകുകയാണ്. ശത്രുക്കളെ റഷ്യയിലേക്ക് കടന്നുകയറാൻ പ്രേരിപ്പിക്കുവാൻ ദൈവത്തിനു കഴിയുകയില്ലേ? തീർച്ചയായും കഴിയും. റഷ്യയെ ഇപ്പോൾ കൈകാര്യം ചെയ്യാനായില്ലെങ്കിൽ ദൈവത്തിന് അതിനായി മറ്റൊരു യുദ്ധം ഉണ്ടാക്കേണ്ടി വരും. അതുകൊണ്ട് ഞാൻ പറയുന്നതു യുദ്ധം നീണ്ടുപോയാലും ദൈവം റഷ്യയെ ഇതിൽ ഉൾപ്പെടുത്തണം. അല്ലെങ്കിൽ മറ്റൊരവസരം കമ്യൂണിസ്റ്റു റഷ്യയെ കൈകാര്യം ചെയ്യാനായി ദൈവത്തിനു ഒരുക്കേണ്ടിവരും."

> പ്രാർത്ഥനപോലെ കാര്യങ്ങൾ സംഭവിച്ചു. ഹിറ്റ്ലർ യൂഗോസ്ലാവിയ, ഗ്രീസ് എന്നിവയ്ക്കെതിരെയും യുദ്ധം പ്രഖ്യാപിച്ചു. വടക്കെ ആഫ്രിക്ക ക്രയ്റ്റ് എന്നിവിടങ്ങളിലേക്കും ഹിറ്റ്ലറുടെ സൈന്യം കടന്നുകയറി. ഈ രണ്ടു പോർമുഖങ്ങൾ തുറക്കേണ്ടിവന്നതുകൊണ്ട് ജർമനിയുടെ ശ്രദ്ധ ബ്രിട്ടനിൽനിന്നു മാറിപ്പോയി. അല്ലെങ്കിൽ ബ്രിട്ടനെ മുച്ചൂടും നശിപ്പിക്കത്തക്ക നിലയിലുള്ള വ്യോമാക്രമണങ്ങളായിരുന്നു നടന്നുകൊണ്ടിരുന്നത്. എന്നാൽ ദൈവം പ്രാർത്ഥന കേട്ടു. പ്രതിസന്ധി ഒഴിവായി.

അന്നു മുതൽ കോളജിലെ പ്രധാന പ്രാർത്ഥനകളിലൊന്ന് ഇതായി മാറി: "കർത്താവേ, റഷ്യയെക്കൂടി യുദ്ധത്തിലേക്കു കൊണ്ടുവരിക. അവരെ കൈകാര്യം ചെയ്യുക." ആറാഴ്ച പ്രാർത്ഥന ഇങ്ങനെ മുന്നോട്ടു പോയപ്പോൾ മറുപടി വന്നു– റഷ്യയും യുദ്ധത്തിൽ ഉൾപ്പെട്ടു.

പക്ഷേ വേഗത്തിൽ തന്നെ അതു മറ്റൊരപകടത്തിനു വഴി തെളിച്ചു. റഷ്യ ഹിറ്റ്ലറിനെതിരെ യുദ്ധത്തിൽ പങ്കാളിയായെങ്കിലും റഷ്യയുടെ തോൽവി ചില ആഴ്ചകൾക്കുള്ളിൽ തന്നെ ഉറപ്പായി. ജർമൻ സൈന്യം റഷ്യയിലെ ഓരോ പട്ടണം വീതം കീഴടക്കി മുന്നേറി. റഷ്യൻ സൈന്യം ഈ മുന്നേറ്റത്തിനു മുന്നിൽ നിഷ്പ്ര

മെല്ലെ റഷ്യൻ സൈന്യം മോസ്കോയിലേക്ക് അടിവച്ചടിവച്ച് സമീപിച്ചു. നെപ്പോളിയന്റെ പ്രസിദ്ധമായ റഷ്യൻ ആക്രമണത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു ആ മുന്നേറ്റം. ഹിറ്റ്ലർ അതു തുറന്നു പറയുകയും ചെയ്തു. 'മോസ്കോയിലേക്കു നേരത്തെ നെപ്പോളിയൻ നീങ്ങിയിരുന്നു. പക്ഷേ അദ്ദേഹത്തിനു മോസ്കോ പിടിക്കാൻ കഴിഞ്ഞില്ല. നെപ്പോളിയൻ പരാജയപ്പെട്ടിടത്തു ഞാൻ വിജയിക്കും.'

ഭരായി. നാത്സികൾ മെല്ലെ തലസ്ഥാനമായ മോസ്കോയ്ക്കു നേരെ നീങ്ങുവാൻ തുടങ്ങി. സത്യത്തിൽ അവർക്കു ഭീഷണി റഷ്യൻ സൈന്യമായിരുന്നില്ല, മറിച്ചു കാലാവസ്ഥയായിരുന്നു. ശീതകാലത്തിന്റെ പ്രാതികൂല്യത്തെ അവഗണിച്ചും മെല്ലെ റഷ്യൻ സൈന്യം മോസ്കോയിലേക്ക് അടിവച്ചടിവച്ച് സമീപിച്ചു. നെപ്പോളിയന്റെ പ്രസിദ്ധമായ റഷ്യൻ ആക്രമണത്തെ അനുസ്മരിപ്പിക്കുന്നതായിരുന്നു ആ മുന്നേറ്റം. ഹിറ്റ്ലർ അതു തുറന്നു പറയുകയും ചെയ്തു. 'മോസ്കോയിലേക്കു നേരത്തെ നെപ്പോളിയൻ നീങ്ങിയിരുന്നു. പക്ഷേ അദ്ദേഹത്തിനു മോസ്കോ പിടിക്കാൻ കഴിഞ്ഞില്ല. നെപ്പോളിയൻ പരാജയപ്പെട്ടിടത്തു ഞാൻ വിജയിക്കും.'

ഹിറ്റ്ലറിനതു കഴിയുമോ? ആ സംഘർഷഭരിതമായ നാളുകളിൽ ശക്തനായ ഹിറ്റലറിനതു കഴിയുമെന്നു തന്നെയാണ് എല്ലാവരും വിശ്വസിച്ചത്.

ഹിറ്റ്ലറിന്റെ സൈന്യം മോസ്കോ നഗരത്തിന്റെ പടിവാതില്ക്കലെത്തി. മോസ്കോ തലസ്ഥാനമായതിനാൽ അതു കീഴടക്കപ്പെടുന്നതോടെ റഷ്യ മുഴുവനും പരാജയപ്പെടുകയാണ്. തുടർന്നു റഷ്യയുടെ സഖ്യകക്ഷികളുടെ പ്രതിരോധങ്ങളും ചീട്ടുകോട്ട പോലെ തകർന്നടിയും. ചുരുക്കത്തിൽ രണ്ടാം ലോകമഹായുദ്ധത്തിൽ ജർമനിയെ നിർണായകമായ വിജയത്തിലേക്കു നയിക്കുന്ന സുപ്രധാനമായ ചുവടുവയ്പായിരുന്നു മോസ്കോ കീഴടക്കുന്നത്. അത് ഇന്നല്ലെങ്കിൽ നാളെ സംഭവിക്കും എന്ന നിലയിലായിരുന്നു കാര്യങ്ങൾ നീങ്ങിയത്.

1941 ഒക്ടോബർ 19. ആ പുലർച്ചെ സമയം, റീസിന്റെ ഭാര്യ എലിസബത്ത് ഇന്നെന്നപോലെ ഓർമിക്കുന്നു. കിടപ്പു മുറിയിൽ നിന്നു താഴത്തെ മുറിയിലേക്ക് ഏഴു മണിയുടെ വാർത്ത കേൾക്കുവാൻ താൻ പോകുകയാണെന്നു റീസ് പറഞ്ഞു. കാരണം മോസ്കോ വീണിട്ടുണ്ടാകും!

അദ്ദേഹം തിരിച്ചു വന്നപ്പോൾ മോസ്കോയുടെ പതനം സംബന്ധിച്ചു വാർത്തയുണ്ടോ എന്ന് എലിസബത്ത് അന്വേഷിച്ചു. 'ഇതുവരെ മോസ്കോ വീണിട്ടില്ലെങ്കിലും ആ ദുരന്ത വാർത്ത ഏതു നിമിഷവും വന്നേക്കാം' എന്നായിരുന്നു റീസിന്റെ മറുപടി.

ചില മിനിറ്റുകൾ കഴിഞ്ഞപ്പോൾ റീസിനു കർത്താവു തന്നോട് ഇങ്ങനെ സംസാരിക്കുന്നതു പോലെ





തോന്നി: "സത്യത്തിൽ മോസ്കോ ശത്രുവിന്റെ കൈകളിൽ വീഴേണ്ടതുണ്ടോ? മോസ്കോയെ ഞാൻ രക്ഷിക്കുമെന്നു നീ എന്നിൽ വിശ്വസിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യാത്തത് എന്താണ്?"

അതായിരുന്നു അവിശ്വസനീയമെന്ന് ഇന്നും തോന്നുന്ന, മോസ്കോയെ രക്ഷിക്കാനുള്ള പ്രാർത്ഥനയുടെ തുടക്കം.

കോളജിലെ ചുമതലക്കാരിൽ ഒരാളായി 12 വർഷമായി സേവനം അനുഷ്ഠിച്ച ഡോ. കെന്നത്ത് ജി. സൈമണ്ട്സ് എഫ്.ആർ.സി.എസ് തുടർന്നു വന്ന ആദ്യ ഞായറാഴ്ചയെ ഇങ്ങനെ അനുസ്മരിക്കുന്നു: "അന്നു ഡയറക്ടർ (റീസ്ഹൊവൽസ്) തന്റെ സന്ദേശം ആരംഭിച്ചത് ഈ വാക്കുകളോടെയാണ് – 'മോസ്കോയുടെ പതനം ഉണ്ടാകാതിരിക്കാനായി പ്രാർത്ഥിക്കുക'യെന്ന് ഇന്നു രാവിലെ കർത്താവ് എന്നോട് ആവശ്യപ്പെട്ടു.'

അതു തീർത്തും അസംബന്ധമായി ഞങ്ങൾക്കു തോന്നി. കാരണം മോസ്കോയുടെ പതനം അനിവാര്യമാണെന്നും അത് ഏതു സമയത്തും സംഭവിക്കാമെന്നുമാണു മാധ്യമങ്ങൾ എല്ലാം നിരന്തരം റിപ്പോർട്ടു ചെയ്തു കൊണ്ടിരുന്നത്. പക്ഷേ ഡയറക്ടർ പറഞ്ഞതനുസരിച്ചു ഞങ്ങൾ പ്രാർത്ഥിക്കാൻ തുടങ്ങി. പക്ഷേ പ്രാർത്ഥിച്ചു തുടങ്ങിയപ്പോൾ പരിശുദ്ധാത്മാവു തന്നെ ഞങ്ങളിലൂടെ ഇക്കാര്യത്തിനയി ജാഗരിക്കാൻ തുടങ്ങി. ഞങ്ങൾക്കു പ്രാർത്ഥനയ്ക്കായി വലിയ ഭാരവും വിശ്വാസവും അനുഭവപ്പെട്ടു. അന്നു പകൽ മുഴുവൻ ഞങ്ങൾ ഇക്കാര്യത്തിനായി വലിയ വ്യഥയിലായിരുന്നു. രാത്രിയിലേക്കു പ്രാർത്ഥന നീണ്ടുപോയി. ദൈവം ഉത്തരം നൽകുമെന്ന വലിയ ഉറപ്പ്

"ഒരു പ്രത്യേക പ്രയത്നവും കൂടാതെ തന്നെ ജർമൻകാർക്കു മോസ്കോ ആ ദിവസങ്ങളിൽ കീഴടക്കാമായിരുന്നു... എന്നാൽ അവർ വിജയം കൈപ്പിടിയിലായിരിക്കെ അവസാന നിമിഷം പിന്തിരിഞ്ഞതെന്തുകൊണ്ടെന്നത് ഒരു നിഗൂഢതയാണ്. ജർമൻകാർക്കു മാത്രമേ യഥാർത്ഥത്തിൽ അന്ന് എന്താണു സംഭവിച്ചതെന്നു വെളിപ്പെടുത്താനാവൂ." ദൈവത്തിന്റെ തന്നെ ഒരു ഇടപെടലായിരുന്നു അത്.

തന്റെ ദാസനിലൂടെ പരിശുദ്ധാത്മാവു ഞങ്ങൾക്കു തന്നു. റഷ്യയിലെ ശൈത്യത്തിൽപെട്ടു നാത്സികളുടെ ഉന്മൂലനം സംഭവിക്കണമേ എന്നു പ്രാർത്ഥിക്കാനുള്ള സ്വാതന്ത്ര്യവും കർത്താവു ഞങ്ങൾക്കു തന്നു. വിശ്വാസം ആകാശത്തോളം ഉയർന്ന ആ ദിവസങ്ങളിൽ വിജയത്തിന്റെ ആഹ്ളാദം ഞങ്ങൾ അനുഭവിച്ചു.

അടുത്ത ദിവസം വ്യത്യസ്തമായ ഒരു വാർത്ത വന്നു. മഞ്ഞുവീഴ്ച അതികഠിനമായി. ഇതിനിടെ ആത്മവിശ്വാസം വീണ്ടെടുത്ത റഷ്യൻ സൈന്യം കടുത്ത ചെറുത്തുനില്പിന് ഒരുങ്ങുന്നു!

നാലു ദിവസം പിന്നിട്ടപ്പോൾ റീസ് പറഞ്ഞു: "കർത്താവ് ഇപ്രകാരം പറഞ്ഞു – ഹിറ്റ്ലർ റഷ്യയിലെ

സ്ഥിരബുദ്ധി നഷ്ടപ്പെട്ടതുപോലെ യാണു ഹിറ്റ്ലർ അവസാന നിമിഷം പിന്തിരിഞ്ഞത്. എന്തോ ഒരു ബുദ്ധിഭ്രമം സംഭവിച്ച തുപോലെ. പക്ഷേ നമുക്കറിയാം. അതു പ്രാർത്ഥനയുടെ മറുപടിയായിരുന്നു. ദൈവത്തിന്റെ ഇടപെടലായിരുന്നു. ആ പിന്തിരിയൽ ആത്യന്തികമായി രണ്ടാം ലോകമഹായുദ്ധത്തിൽ നാത്സികളുടെ പരാജയത്തിനു കാരണമായി.

മഞ്ഞിൽപ്പെട്ട് ഉഴലും."

ഒടുവിൽ എന്താണു സംഭവിച്ചതെന്നു നമുക്കറിയാം. മോസ്കോ ഒരിക്കലും പിടിക്കപ്പെട്ടില്ല. അതിശൈത്യത്തിലും മഞ്ഞുവീഴ്ചയിലും പെട്ടു നാത്സി പടയാളികൾ വലിയ പങ്കും നശിച്ചു. 'ഞാൻ സ്വാതന്ത്ര്യം തിരഞ്ഞെടുക്കുന്നു' എന്ന പ്രശസ്തമായ ഗ്രന്ഥത്തിൽ വിക്ടർ ക്രാവ്ചെങ്കോ ഇതേപ്പറ്റി ഇങ്ങനെയാണ് എഴുതിയിരിക്കുന്നത്: "ഒരു പ്രത്യേക പ്രയത്നവും കൂടാതെ തന്നെ ജർമൻകാർക്കു മോസ്കോ ആ ദിവസങ്ങളിൽ കീഴടക്കാമായിരുന്നു...എന്നാൽ അവർ വിജയം കൈപ്പിടിയിലായിരിക്കെ അവസാനനിമിഷം പിന്തിരിഞ്ഞതെന്തുകൊണ്ടെന്നത് ഒരു നിഗൂഢതയാണ്. ജർമൻകാർക്കു മാത്രമേ യഥാർത്ഥത്തിൽ അന്ന് എന്താണു സംഭവിച്ചതെന്നു വെളിപ്പെടുത്താനാവൂ."

ദൈവത്തിന്റെ തന്നെ ഒരു ഇടപെടലായിരുന്നു അത്. ജർമനി മോസ്കോ വിട്ടു പിന്തിരിഞ്ഞതിനെപ്പറ്റി സെക്കുലർ വാർത്താ മാധ്യമങ്ങൾ ഇങ്ങനെ ഒരു പഴഞ്ചൊല്ല് ഉദ്ധരിച്ചു: "ദൈവം നശിപ്പിക്കാനുദ്ദേശിക്കുന്നവനെ ആദ്യം ഭ്രാന്തു പിടിപ്പിക്കും."

ശരിയാണ്! സ്ഥിരബുദ്ധി നഷ്ടപ്പെട്ടതുപോലെയാണു ഹിറ്റ്ലർ അവസാന നിമിഷം പിന്തിരിഞ്ഞത്. എന്തോ ഒരു ബുദ്ധിഭ്രമം സംഭവിച്ചതുപോലെ. പക്ഷേ നമുക്കറിയാം. അതു പ്രാർത്ഥനയുടെ മറുപടിയായിരുന്നു. ദൈവത്തിന്റെ ഇടപെടലായിരുന്നു. ആ പിന്തിരിയൽ ആത്യന്തികമായി രണ്ടാം ലോകമഹായുദ്ധത്തിൽ നാത്സികളുടെ പരാജയത്തിനു കാരണമായി.

*(തുടരും)*

## ഓർക്കാനും പറയാനും

- ലോകത്തിന്റെ ആത്മാവ് എല്ലാം മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കുന്നു. ദൈവത്തിന്റെ ആത്മാവോ എല്ലാം മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്നു.
- ഒരു പാപിയുടെ മാനസാന്തരം ഒരു നിമിഷത്തെ അത്ഭുതം ആണ്; ഒരു വിശുദ്ധന്റെ വളർച്ച ഒരു ജീവിതകാലത്തെ പ്രയത്നവും.
- ബൈബിൾ ജീവിതത്തിൽ പ്രായോഗികമാക്കുന്ന ഒരു വ്യക്തിയാണ് ബൈബിളിന്റെ ഏറ്റവും നല്ല കമന്ററി.





# ദൈവവചനം എന്ന ആത്മാവിന്റെ വാൾ

റോബർട്ട് ഡേവിഡ്

**സാധാരണ** വിശ്വാസികൾ എന്നതിലുപരിയായി നാം തന്റെ ശിഷ്യന്മാരായിത്തീരണം എന്നാണ് ചെറുപ്പക്കാരായ നമ്മെക്കുറിച്ചുള്ള കർത്താവിന്റെ ആഗ്രഹം (സങ്കീ. 73:25). ക്രിസ്ത്യാനികൾ എന്ന പദം തിരുവചനത്തിൽ ആദ്യമായി നാം കണുന്നത് പ്രവൃത്തികൾ 11:26ലാണ്. "ആദ്യം അന്ത്യോക്യയിൽ വെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി." ആദിമസഭയിൽ ക്രിസ്ത്യാനികൾ കണ്ടുമുട്ടുമ്പോൾ അവർ പരസ്പരം ചോദിക്കാറുള്ളത് ഒരുപക്ഷേ, "താങ്കൾ ഒരു ശിഷ്യനാണോ?" എന്നായിരിക്കാം; ഇന്നത്തേതുപോലെ "താങ്കൾ ഒരു വിശ്വാസിയാണോ?" എന്നായിരിക്കില്ല. ശിഷ്യന്മാരെ നേടുക എന്നതാണ് ദൈവത്തിന്റെ ഹൃദയാഭിലാഷം (മത്താ. 28:19). അനന്യാസ്, തബീഥാ, തിമൊഥെയോസ് തുടങ്ങിയ ക്രിസ്ത്യാനികളെ ശിഷ്യന്മാരെന്നാണ് ബൈബിൾ വിശേഷിപ്പിക്കുന്നത് (അ.പ്ര. 9:10,36, 16:1). ക്രിസ്തീയ കുടുംബത്തിൽ പിറന്നവരെയല്ല, മറിച്ച് ശിഷ്യന്മാരായി ജീവിച്ചവരെയാണ് ദൈവവചനം ക്രിസ്ത്യാനികളെന്ന് വിളിക്കുന്നത്. സ്നേഹത്തിന്റെ വലിയ അപ്പൊസ്തലനായ സഹോദരൻ യോഹന്നാൻ സ്വയം വിശേഷിപ്പിക്കുന്നത്, "യേശു സ്നേഹിച്ച ശിഷ്യൻ'' എന്നാണ് (യോഹ. 19:26, 20:2, 21:7,20).

ശിഷ്യന്മാർ പൂർണ്ണരല്ല; എന്നാൽ അവർ പുതിയ സൃഷ്ടികളാണ്. ദൈവത്തോടും പാപത്തോടും തിരുവചനത്തോടും ദൈവജനത്തോടും ദൈവസഭയോടും ലോകത്തോടുമുള്ള അവരുടെ സമീപനം പുതുതായിത്തീരുന്നു. 2 കൊരിന്ത്യർ 5:17ൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നത്, "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയസൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായിത്തീർന്നിരിക്കുന്നു,'' എന്നാണ്. ''ഒരുത്തൻ ക്രിസ്തുവിലായാൽ എല്ലാം പൂർണ്ണതയുള്ളതായി." എന്ന് അപ്പൊസ്തലൻ പറയാത്തതിനാൽ ദൈവത്തിന് നന്ദി. സ്നാനജലത്തോട് അടുക്കുന്നതിനു മുമ്പായി, കർത്താവിന്റെ മേശയിൽനിന്ന് ഭക്ഷിക്കുന്നതിനു മുമ്പായി, ദൈവവചനം പ്രഘോഷിക്കുന്നതിനു മുമ്പായി നാമെല്ലാവരും

"ആദ്യം അന്ത്യോക്യയിൽ വെച്ചു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ ഉണ്ടായി." ആദിമസഭയിൽ ക്രിസ്ത്യാനികൾ കണ്ടുമുട്ടുമ്പോൾ അവർ പരസ്പരം ചോദിക്കാറുള്ളത് ഒരുപക്ഷേ, "താങ്കൾ ഒരു ശിഷ്യനാണോ?" എന്നായിരിക്കാം; ഇന്നത്തേതു പോലെ "താങ്കൾ ഒരു വിശ്വാസി യാണോ?" എന്നായിരിക്കില്ല. ശിഷ്യന്മാരെ നേടുക എന്നതാണ് ദൈവത്തിന്റെ ഹൃദയാഭിലാഷം

പൂർണ്ണതയുള്ളവരായിത്തീരണം എന്ന് പറഞ്ഞ്, യുവാക്കളേ, പിശാച് നിങ്ങളെ നിരുത്സാഹപ്പെടുത്തരുത്.

1 ശമുവേൽ 13:19-22 വരെയുള്ള വേദഭാഗങ്ങളെ ആസ്പദമാക്കി സഹോദരൻ സാക് പുന്നൻ യുവാക്കളോട് പറയാറുള്ള കാര്യങ്ങൾ നമുക്കറിയാമല്ലോ. 1 ശമു. 13:19-22ൽ നാം വായിക്കുന്നത് ഇപ്രകാരമാണ്. ''എന്നാൽ യിസ്രായേൽ ദേശത്തെങ്ങും ഒരു കൊല്ലനെ കാണ്മാനില്ലായിരുന്നു; എബ്രായർ വാളോ കുന്തമോ തീർപ്പിക്കരുത് എന്നു ഫെലിസ്ത്യർ പറഞ്ഞു. യിസ്രായേല്യർ തങ്ങളുടെ കൊഴു, കലപ്പ, മഴു, മൺവെട്ടി എന്നിവ കാച്ചിപ്പാൻ ഫെലിസ്ത്യരുടെ അടുക്കൽ ചെല്ലേണ്ടിവന്നു. എന്നാൽ മൺവെട്ടി, കലപ്പ, മുപ്പല്ലി, മഴു എന്നിവയ്ക്കായും മുടുങ്കോൽ കൂർപ്പിപ്പാനും അവർക്ക് അരം ഉണ്ടായിരുന്നു. ആകയാൽ യുദ്ധസമയത്തു ശൗലിനോടും യോനാഥനോടും കൂടെയുള്ള ജനത്തിൽ ഒരുത്തനും വാളും കുന്തവും ഉണ്ടായിരുന്നില്ല: ശൗലിനും അവന്റെ മകൻ യോനാഥനും മാത്രമേ ഉണ്ടായിരുന്നുള്ളൂ."

വാളുകൾ ഉണ്ടാക്കുകയും അവയുടെ മൂർച്ച കൂട്ടുകയും ചെയ്യുന്ന വ്യക്തിയാണ് കൊല്ലൻ. ആത്മീയമായി ചിന്തിച്ചാൽ, തന്റെ വാളാകുന്ന ദൈവവചനത്തെ ചെറുപ്പക്കാരായ നമുക്ക് നൽകുന്ന കൊല്ലനാണ് പരിശുദ്ധാത്മാവ്. എഫെ.6:17ൽ "ദൈവവചനം എന്ന ആത്മാവിന്റെ വാൾ" എന്നുള്ള പരാമർശം ശ്രദ്ധിക്കുക. ചെറുപ്പക്കാരുടെ ഇടയിൽ കൊല്ലനായ പരിശുദ്ധാത്മാവ് ഉണ്ടാകാതിരിക്കുവാൻ ഫെലിസ്ത്യർ അതായത് പിശാച് തന്ത്രപൂർവ്വം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. തന്മൂലം യുദ്ധത്തിൽ പോരാടുവാൻ നമ്മെ ഒട്ടും സഹായിക്കാത്ത ആയുധങ്ങളായ മൺവെട്ടി, കലപ്പ, മുപ്പല്ലി, മഴു എന്നിവ മൂർച്ചവരുത്തി ഇന്നു നാം സമയം പാഴാക്കുന്നു. യുദ്ധം ജയിക്കുവാൻ നമ്മെ സഹായിക്കുന്നത് വാളാണ് (ദൈവവചനമാണ്). കൊല്ലനായ പരിശുദ്ധാത്മാവിന്റെ അടുക്കൽപോയി വാളിന് മൂർച്ചകൂട്ടുന്നതിനു പകരം അപ്രധാന ഉപകരണങ്ങളായ സംഗീതവും സോഷ്യൽ മീഡിയാ സൈറ്റുകളുമൊക്കെ മൂർച്ച വരുത്തുവാൻ നാമിന്ന് സമയം ചെലവഴിക്കുന്നു. സംഗീതവും സോഷ്യൻ മീഡിയയുമൊക്കെ പാപകരമായ കാര്യങ്ങളാണെന്ന് ചിന്തിക്കുവാനാകില്ല. ന്യായമായ ഇത്തരം കാര്യങ്ങളിൽ സമയം ചെലവിടുവാൻ പിശാച് നമ്മെ പ്രേരിപ്പിക്കുമ്പോൾ, നാം പാപമൊന്നും ചെയ്യുന്നില്ല എന്നവൻ ഒരു പക്ഷേ നമ്മെ വിശ്വസിപ്പിക്കുവാൻ ശ്രമിച്ചേക്കാം. തൽഫലമായി യുദ്ധത്തിന്റെ സമയത്ത് എന്റെ കൈവശം ഒരു വാളില്ലാതെ പോകുന്നു. വാർഷികപ്പരീക്ഷ എഴുതുവാൻ പേന എടുക്കാതെ പോകുന്ന ഒരു കുട്ടിയെപ്പോലെയാണ്. യോനാഥാന്മാർക്കു (നടത്തിപ്പുകാർക്ക്) മാത്രമല്ല, ചെറുപ്പക്കാരായ നമ്മുടെ ഓരോരുത്തരുടെയും കയ്യിലും മൂർച്ചയുള്ള ഒരു വാൾ ഉണ്ടായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

യിരെമ്യാവു 15:16,17 വാക്യങ്ങളിൽ നാമിപ്രകാരം വായിക്കുന്നു, "ഞാൻ നിന്റെ വചനങ്ങളെ കണ്ടെത്തി ഭക്ഷിച്ചിരിക്കുന്നു; നിന്റെ വചനങ്ങൾ എനിക്കു സന്തോഷവും എന്റെ ഹൃദയത്തിന് ആനന്ദവും ആയി;.. കളിക്കാരുടെ കൂട്ടത്തിൽ ഞാൻ ഇരുന്നു ഉല്ലസിച്ചിട്ടില്ല; നീ എന്നെ നീരസം കൊണ്ടു നിറച്ചിരിക്കയാൽ നിന്റെ കൈനിമിത്തം ഞാൻ തനിച്ചിരുന്നു." സ്കൂളിലും കോളജിലും ഓഫീസിലും ചിലപ്പോൾ സഭയിൽപ്പോലും, കളിക്കാരുടെ (തമാശക്കാർ, ഏഷണിക്കാർ, അപവാദം പറയുന്നവർ, വ്യർത്ഥസംസാരക്കാർ, അനാവശ്യ ഉപദേശ, തർക്കങ്ങളിൽ ഏർപ്പെടുന്നവർ) കൂട്ടത്തിൽ നിന്ന് മാറി ഒറ്റക്കിരിക്കുവാൻ ഞാൻ തയ്യാറാകുമ്പോഴാണ് ദൈവവചനം എന്റെ ഹൃദയത്തിന് ആനന്ദമായിത്തീരുന്നത്.

"അവന്റെ വായിലെ വചനങ്ങളെ എന്റെ ആഹാരത്തെക്കാൾ സൂക്ഷിച്ചിരിക്കുന്നു" എന്ന് ഇയ്യോബ് 23:12ൽ കാണുന്നു. ഭക്ഷണം രുചിയുള്ളതല്ലെങ്കിൽ ഇയ്യോബ് തന്റെ ഭാര്യയോട് ദേഷ്യപ്പെടാറില്ല. എന്നാൽ ദൈവശബ്ദം കേൾക്കുന്നില്ല എങ്കിൽ അതുതന്നെ അസ്വസ്ഥനാക്കും. നമ്മുടെ മാതാക്കൾ രുചിയുള്ള ഭക്ഷണം നമുക്ക് നൽകുന്നില്ല എങ്കിൽ അവരോട് പരിഭവിക്കുവാൻ ദൈവം നമ്മെ അനുവദിക്കുന്നില്ല. എന്നാൽ തന്റെ ശബ്ദം കേൾക്കുവാൻ നമുക്കാവുന്നില്ലെങ്കിൽ അതിൽ നാം അസ്വസ്ഥരാകുവാൻ അവിടുന്നാഗ്രഹിക്കുന്നു. ശമുവേലിനെപ്പോലൊരു സണ്ടേസ്കൂൾ വിദ്യാർത്ഥിയോട് ദൈവത്തിന് സംസാരിക്കുവാൻ കഴിയുമെങ്കിൽ നമ്മോടെല്ലാവരോടും അവിടുന്ന് സംസാരിക്കുക തന്നെ ചെയ്യും.

നെഹമ്യാവ് 9:2, 3 – "യിസ്രായേൽ സന്തതിയായവർ സകല അന്യജാതിക്കാരിൽനിന്നും വേറുതിരിഞ്ഞു നിന്നു തങ്ങളുടെ പാപങ്ങളെയും തങ്ങളുടെ പിതാക്കന്മാരുടെ അകൃത്യങ്ങളെയും ഏറ്റു പറഞ്ഞു. പിന്നെ അവർ തങ്ങളുടെ നിലയിൽ തന്നേ എഴുന്നേറ്റുനിന്നു, അന്ന് ഒരു യാമത്തോളം തങ്ങളുടെ ദൈവമായ യഹോവയുടെ ന്യായപ്രമാണപുസ്തകം വായിച്ചു കേൾക്കയും പിന്നെ ഒരു യാമത്തോളം (മൂന്ന് മണിക്കൂർ) പാപങ്ങളെ ഏറ്റുപറഞ്ഞു തങ്ങളുടെ ദൈവമായ യഹോവയെ നമസ്കരിക്കയും ചെയ്തു."

മൂന്ന് മണിക്കൂർ ഇല്ലെങ്കിലും, ദൈവവചനവുമായി ദൈവസന്നിധിയിൽ മികച്ച നിലയിൽ സമയം ചെലവിടുക. യോഹന്നാൻ 6:12ൽ യേശു തന്റെ ശിഷ്യന്മാരോട് പറയുന്നത് നോക്കൂ, "ശേഷിച്ച കഷണം ഒട്ടും നഷ്ടമാക്കാതെ ശേഖരിപ്പിൻ." മിച്ചം വരുന്ന കഷണങ്ങൾ (സമയത്തിന്റെ) ഒട്ടും നഷ്ടപ്പെടാതെ പ്രയോജനപ്പെടുത്തുവാൻ ദൈവം എനിക്കും നിങ്ങൾക്കും ജ്ഞാനം നൽകട്ടെ. ആമേൻ. ■

(മൊഴിമാറ്റം : **ബോബി കുര്യൻ**)



യുവാക്കളോട്




2

# THE DEMONSTRATION OF GOD'S LOVE

**Sandeep Poonen**

**Question**:

I used to have a strong devotion to the Lord some time ago, but I seem to have lost it somehow and don't seem to know God's love. What should I do?

**Answer:**

Last month, I responded to this question by looking at *Romans 5:8 - But God demonstrates His own love toward us, in that while we were yet sinners, Christ died for us*. I need to live as one who has personally seen the demonstration of God's love for me, rather than one who simply has an explanation of God's love.

I want to stay with this verse again this month and share another thought from it that has blessed me.The second half of this verse tells me that "*while we were yet sinners, Christ died for us*." And I want to underline that phrase, "while we were yet sinners."

I have found that after being a Christian for a while, I can instinctively know about God's continuing forgiveness because of what Jesus sacrificed for us. So I can quickly reassure myself that I do not have to bear the shame and guilt of sin because of Christ. But what is often lost is the wonder and beauty of that reality. So I find that I need to constantly meditate and ponder and marvel at the amazing love of God.

So here in Romans 5:8, I find that the word "sinner" first needs some to be understood. For many, saying that I am a sinner is very similar to saying that I am human. But I must recognize that there's a HUGE distinction between the two. Adam and Eve were created by God as humans, and God was pleased with what He made (Gen 1:31). Also, Jesus Christ was fully God and fully human for 33+ years, and He was pleasing to God. But being a sinner is something altogether different. God and sin simply cannot co-exist, and so when we have sin in us, we simply cannot stand in God's presence.





So we must remember that being a sinner automatically and immediately separates us from God, while being a human doesn't automatically separate us from God.

Here are other words used that describe this state of being a sinner: *alienated and hostile in mind, engaged in evil deeds (Colossians 1:21)*.This comes closer to describing my state. These are words that better describe my pathetic situation before Christ.

So Romans 5:8 tells me that IT WAS WHILE I WAS STILL IN THIS AWFUL STATE, when I was still hostile and alienated from God, that God demonstrated His love to me. He sent His Son Jesus to die for me back then, so that I need no longer be alienated from Him.

And what really stands out to me is the EXTENT TO WHICH GOD PURSUED me. **God loved and sacrificed that which was closest to Him back when I was His enemy**!

This is very important for me to always remember, because there can be circumstances in life that make me wonder if God is in control. And there are times when I can wonder how a God who is my Father could allow some really bad things to happen.

When I am troubled by such thoughts, I must remind myself of this truth: When I was hostile towards God and completely alienated from Him, this very God gave His Son to die for me and thereby establish reconcile me to Him. So no matter how absent God might feel in the moment right now, I can absolutely trust His heart towards me. **If God gave His Son so freely and completely for me back when I was His enemy, I can be absolutely confident of His love for me now even if I don't feel it or understand it**.

Romans 8:31 says that "*If God is for us, who can be against us?*" But to what extent is God for us? Paul tells me how much in the very next verse (v32): *He who did not spare His own Son, but delivered Him over for us all, how will He not also with Him freely give us all things?* And in this passage, Paul also tells me that nothing on this earth (no circumstance, nobody else, no evil spirit, etc.) can separate me from God's love: *For I am convinced that neither death, nor life, nor angels, nor principalities, nor things present, nor things to come, nor powers, nor height, nor depth, nor any other created thing, will be able to separate us from the love of God, which is in Christ Jesus our Lord (v38-39)*.

I don't know where some of you are right now. May be there are doubts about God's love that have crept in. I hope then that you can be encouraged that back when you were God's enemy and alienated from Him, HE reached out to you and HE sacrificed His most precious Son so that you could be reconciled to Him. Your God is very much on your side, no matter what your circumstances and your feelings say. May the Lord will bring comfort and strength through this truth.

*(please mail your genuine doubts to: sandeep@poonen.org)*

*4 -ാം പേജിൽ നിന്ന് തുടർച്ച*

## 'സ്നേഹത്തോടെ' കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു

ഒരു ബലിയർപ്പണത്തിനു യേശുവിനെ പ്രേരിപ്പിച്ചതെന്താണ്? താൻ ആർക്കുവേണ്ടി ബലിയായോ അവരോടുള്ള പൂർണ്ണമായ സ്നേഹമായിരുന്നു അതിന്റെ പ്രേരകശക്തിയെന്ന് മുകളിൽ പറഞ്ഞ വാക്യം വ്യക്തമാക്കുന്നു. (എഫെസ്യർ 5:27 ലും ഇതേ കാര്യം കാണാം). എഫെസ്യർ 5:2ൽ രണ്ടാമതു നാം കാണുന്നത് നാമും നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം നൽകുന്ന പൂർണ്ണ സ്വസ്ഥതയിൽ ദൈവത്തിന്റെ മുൻപാകെ സൗരഭ്യവാസനായാഗമായി തീരണമെന്നാണ്; മനുഷ്യരുടെ മുൻപാകെയുള്ള ജീവിതത്തിൽനിന്നു സ്വസ്ഥതയോടെ മാറി നില്ക്കണമെന്നാണ്.

എന്നാൽ ദൈവത്തിന്റെ സ്നേഹത്തിലുള്ള പൂർണ്ണ സ്വസ്ഥതയും അതു നൽകുന്ന സുരക്ഷിതത്വബോധവും ഇല്ലാത്തതുകൊണ്ട് പരീശന്റെ ജീവിതം മനുഷ്യരുടെ മുൻപാകെയുള്ള ഒരു ജീവിതമാണ്. അക്ഷരത്തിലുള്ള അനുസരണം നിർബന്ധിക്കുന്ന പഴയ ഉടമ്പടിക്ക് ഉല്പാദിപ്പിക്കുവാൻ കഴിയുന്ന ഏറ്റവും ഉത്തമരായ ആളുകളായിരുന്നു പരീശന്മാർ. അവർ എല്ലാം കടുകിട തെറ്റാതെ ചെയ്യും. പക്ഷേ, ലവലേശം സ്നേഹമോ (ദൈവത്തോടും മനുഷ്യരോടും) സന്തോഷമോ (തങ്ങളിൽത്തന്നെ) ഇല്ലാത്തവരാണവർ. ദൈവത്തിനു സ്നേഹത്തോടെ കൊടുക്കുന്നവനെയാണു ദൈവവും സ്നേഹിക്കുന്നത് എന്നു നാം നേരത്തെ കണ്ടു. അങ്ങനെയൊരു സ്നേഹം പരീശന് ഇല്ലാത്തതുകൊണ്ട് ദൈവത്തിന്റെ തിരികെയുള്ള സ്നേഹവും അവനു രുചിച്ചറിയാൻ കഴിയുന്നില്ല. പരസ്പരമുള്ള ആ ഇരട്ടി സ്നേഹത്തിന്റെ ഊഷ്മളതയിൽ അവനു സ്വസ്ഥത കണ്ടെത്താൻ സാധിക്കുന്നില്ല. ഫലം അവന് ഒരു സുരക്ഷിതത്വബോധമില്ല. അതുകൊണ്ട് അംഗീകാരത്തിനും ബഹുമാനത്തിനും സ്നേഹത്തിനും വേണ്ടിയുള്ള അദമ്യമായ ത്വര അവനെ ദൈവത്തെ വിട്ടു (മത്താ. 15:8) മനുഷ്യരിലേക്കു തിരിയാൻ പ്രേരിപ്പിക്കുന്നു. ചുരുക്കത്തിൽ കുറച്ചു കഴിയുമ്പോൾ അവന്റെ ജീവിതം മുഴുവനും മനുഷ്യരുടെ മുൻപാകെയുള്ള ഒരു ജീവിതമായി അധഃപതിച്ചു (മത്താ. 23:5). അവർ ഭിക്ഷ കൊടുക്കുമ്പോൾ മനുഷ്യരുടെ മാനം അവർക്കു വേണം (മത്താ. 6:2). പ്രാർത്ഥനയോ ഉപവാസമോ നടത്തിയാൽ അതു 'മനുഷ്യർക്കു വിളങ്ങണം' (മത്താ. 6:5;16)! പരീശന്മാരുടെ ജീവിതത്തിലെ മറ്റുള്ളവരോടുള്ള അസൂയ (മത്താ. 27:18;112:14), ആളുകളെക്കുറിച്ചു തെറ്റായതുമാത്രം സംശയിക്കുകയും പറയുകയും ചെയ്യുന്ന സ്വഭാവം (മത്താ. 12:24), എളുപ്പത്തിൽ മുറിപ്പെടുന്ന സ്വാഭാവം (മത്താ. 15:12), മറ്റുള്ളവരെ വാക്കിൽ പിടിക്കുന്ന മനോഭാവം (മത്താ. 19:3;22:15), പ്രവർത്തനങ്ങളിലെ പ്രകടനപരത (മത്താ. 23:14,15)... തുടങ്ങിയ മറ്റ് ഒട്ടേറെ കാര്യങ്ങളും വിരൽചൂണ്ടുന്നത് അവർക്കു ദൈവസ്നേഹത്തിൽ പൂർണ്ണ സ്വസ്ഥതയോ സുരക്ഷിതത്വമോ ഉണ്ടായിരുന്നില്ല എന്ന യാഥാർഥ്യത്തിലേക്കാണ്.

പരീശന്മാരെ സംബന്ധിച്ച് ഇതൊരളവിൽ ക്ഷന്തവ്യമായിരിക്കാം. കാരണം, അവർ പഴയ ഉടമ്പടിയുടെ കാലത്താണു ജീവിച്ചത്. എന്നാൽ ഇന്നു നമ്മിൽ ഈ പ്രവണതകൾ കണ്ടാൽ അതു സൂചിപ്പിക്കുന്നതു ദൈവസ്നേഹത്തിൽ നാമും സ്വസ്ഥതയും സുരക്ഷിതത്വവും കണ്ടെത്തിയിട്ടില്ലെന്നാണ്. എങ്കിൽ, പുതിയ ഉടമ്പടിയുടെ കാലത്തു ജീവിക്കുന്ന പഴയനിയമ പരീശന്മാരാണു നാം.

ഇതു സംഭവിക്കാതിരിക്കാൻ ഒരു മാർഗ്ഗമേയുള്ളു –
ദൈവസ്നേഹത്തിലേക്കൊരു മടക്കയാത്ര.

'വലിയതോ സ്നേഹം തന്നെ' (1കൊരി. 13:13).



# A SUPERNATURAL SHAKING

**David Wilkerson**

According to Hebrews, the sole reason Jesus will pour out His Spirit in these last days is to shake up God's house. Everything that is unholy, unclean or of flesh will be shaken, swept up, wiped out.

Our ministry receives heartrending letters from precious saints who grieve over what they see happening in their churches. There is a constant clamor for "new works," and horrendous things are being introduced daily—fleshly manifestations, foolish practices. One person writes that every week his church features punk rock concerts, with performers who look and act like secular, devil-influenced groups. Still others write of empty, dry, permissive preaching.

I tell you, all that is about to change. The Lord is going to speak powerfully, exposing everything that is false. How will this shaking and exposing happen? It will happen through a man—Jesus! He vows to speak to all who are living in sin, disobedient, clinging to things His word has condemned. And His voice will be unmistakably clear.

First, He will speak tenderly to every backslider who has strayed, saying, "Why have you not listened to My plea for you to return? Why have you turned a deaf ear to My call to repent and be restored? Come to Me now, before your life is shaken to the foundation."

Jesus will also speak to godly men and women who pursue truth, purity and holiness. Even now He is raising up a people whose hearts have received His shaking, convicting word. They are shut in with the Lord—and He is going to give them power to speak for Him.

So, how will the Lord speak to you? Are you receiving His word of shaking, allowing it to work in your heart? Or are you living a double life—still indulging in fornication, adultery, hatred, bitterness? If you claim, "Christ is my Lord," yet still have hidden sin in your life, you can know you'll hear Him say, "Why haven't you come back to My grace? Why have you continually rejected it? You've heard My loving call and tasted my loving-kindness yet you're going your own way. Why?"

Here is the good news: This supernatural shaking—God's housecleaning, in both the nation and the church—will result in an unshakable foundation. It will produce a holy, pruned church—boasting a remnant of saints who walk in the fear of God and the righteousness of Christ.

JEEVAMOZHIKAL RNI/KERBIL/-2003/21404
September 2014 www. jeevamozhikal.org
Annual Subscription Rs.100/-

Regn.No. KL/KTM/608/2012-14
Licence No.KL/CR/KTM/WPP-46/2012-14
Licensed to post without prepayment
Date of Publication 30-08-2014

# താപനിലയം

പ്രസംഗികളുടെ പ്രഭുവായ സി.എച്ച്. സ്പർജൻ സ്ഥിരമായി ഞായറാഴ്ച പ്രസംഗിക്കുന്ന ലണ്ടനിലെ പള്ളിയിലേക്ക് ഒരു ഞായറാഴ്ച രാവിലെ അഞ്ചു യുവാക്കൾ വന്നു. ശുശ്രൂഷ ആരംഭിക്കുന്നതിനു വളരെ നേരത്തെയാണ് അവർ എത്തിയത്. അവർ പള്ളിയിൽ എത്തിയപ്പോൾ അവരെ സ്വാഗതം ചെയ്യുവാൻ ഒരു മനുഷ്യൻ മുന്നോട്ടു വന്നു. അദ്ദേഹം യുവാക്കളോടു ചോദിച്ചു. “ഞാൻ നിങ്ങളെ ഈ പള്ളിയുടെ താപനിലയത്തിന്റെ അടുത്തേക്കു കൊണ്ടുപോകട്ടെ?”

അതൊരു ചൂടുള്ള ദിവസമായിരുന്നു. എന്നിട്ടും ഈ മനുഷ്യൻ എന്തിനാണു താപനിലയം കാണിക്കുവാൻ ഒരുങ്ങുന്നതെന്ന് അവർ സംശയിച്ചു. പക്ഷേ പ്രത്യേകിച്ചും മറ്റൊന്നും ചെയ്യുവാൻ ഇല്ലാതിരുന്നതുകൊണ്ട് ‘ശരി പോയേക്കാം’ എന്നവർ പറഞ്ഞു. അദ്ദേഹം അവരെ പള്ളിയുടെ നിലവറയിലേക്കാണ് കൊണ്ടുപോയത്. എന്നിട്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. “ഇതാണ് ഞങ്ങളുടെ താപനിലയം”

യുവാക്കൾ നോക്കിയപ്പോൾ അവിടെ എഴുന്നൂറു പേരോളം വരുന്ന ജനം ശുശ്രൂഷകളുടെ അനുഗ്രഹത്തിനായി മുട്ടുകുത്തി പ്രാർത്ഥിക്കുകയായിരുന്നു. അവരായിരുന്നു ആ പള്ളിയുടെ ‘താപനിലയം!’ യുവാക്കൾ അത്ഭുതത്തോടെ മുകളിലേക്ക് തിരികെ നടന്നു വരുമ്പോൾ അവരെ ആ ബേയ്സ്മെന്റിലേക്ക് കൊണ്ടുപോയ മനുഷ്യൻ തന്നെത്തന്നെ ഇങ്ങനെ പരിചയപ്പെടുത്തി. ‘എന്റെ പേര് സി.എച്ച്. സ്പർജൻ.’

ദൈവിക ശുശ്രൂഷയ്ക്ക് ചൂടുപകരുന്നത് പ്രാർത്ഥനയാണ്. “ഭൂമിയിൽ വച്ചു നിങ്ങൾ രണ്ടുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നും അവർക്കു ലഭിക്കും” (മത്താ. 18:19).

**ജീവമൊഴികൾ മാസികയുടെ ആഭിമുഖത്തിൽ**
**നേരത്തെ നടന്ന പൊതുസമ്മേളനങ്ങളുടെ**
**ഭാഗമായുള്ള തുടർ സമ്മേളനം**

**ആഴമേറിയ ക്രിസ്തീയ ജീവിതത്തെക്കുറിച്ച്**
**ബ്രദർ സാക് പുന്നന്റെ ഓൺലൈൻ സന്ദേശം**

**സ്ഥലം:**
കോട്ടയം കുടമാളൂർ തൂത്തൂട്ടിക്കവലയ്ക്ക് സമീപം
ക്രിസ്ത്യൻ ഫെലോഷിപ്പ് ചർച്ചിന്റെ ക്രിസ്ത്യൻ അസംബ്ലി സെന്റർ ഓഡിറ്റോറിയം.

**തീയതി:**
2014 സെപ്റ്റംബർ ഒൻപതു ചൊവ്വാഴ്ച വൈകിട്ട് 6 മുതൽ 8 വരെ.

എവർക്കും സ്വാഗതം! പ്രവേശനം സൗജന്യം!

കൂടുതൽ വിവരങ്ങൾക്ക്:
ഫോൺ 8281027519, 9249516234, 0481- 2391519

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranallor P.O., Kottayam and Printed at Alois Graphics, Kottayam. Editor Geoji T. Samuel.